# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം 121** **27.06.2008-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. എം. ഹംസ
ശ്രീ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) സർക്കാർ ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ ദൗർലഭ്യം കാരണം ശുചീകരണ പ്രവർത്തനങ്ങൾ താളംതെറ്റിയ നിലയിലായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഊർജ്ജിതമായി ഇടപെടുകയും 1607 ഗ്രേഡ് -2 അറ്റൻഡർമാരെ പുതുതായി നിയമിക്കുകയും ചെയ്തു. ഇതിനുപുറമെ 1068 പാർട്ട് ടൈം സ്വീപ്പർമാരെ 14 ജില്ലകളിലുമായി നിയമിച്ചു.<br>സന്ദർശകരുടെ തിരക്ക് സർക്കാർ ആശുപത്രികളുടെ ശുചിത്വ പരിപാലനത്തെ സാരമായി ബാധിച്ചിരുന്നു. ഇതൊഴിവാക്കുവാൻ പാസ്സ് സംവിധാനം ഏർപ്പെടുത്തി സന്ദർശകരെ നിയന്ത്രിച്ചു.<br>പ്ലാസ്റ്റിക് ബാഗുകളും മറ്റും ആശുപത്രിയ്ക്കകത്തും പരിസരങ്ങളിലും പൂർണ്ണമായി നിരോധിച്ചു. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി.<br>ആശുപത്രികളും വാർഡുകളും രാത്രിയിൽ ശുചീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. രോഗികളുടെ കൂട്ടിരിപ്പുകാർ വാർഡിലിരുന്ന് ഭക്ഷണം കഴിക്കുന്നതും നിരോധിച്ചു.<br>ശുചിത്വ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജീവനക്കാരെ ഉൾപ്പെടുത്തി ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് വർഷങ്ങൾക്കു മുൻപ് പൈ കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പാക്കിയിരുന്നില്ല.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യഘട്ടമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികളിലും ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഒരു ടെക്നിക്കൽ |

| | |
|---|---|
| | ആഫീസറുടെ കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, നേഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി അതാത് ആശുപത്രികളിലെ ശുചീകരണവുമായി ബന്ധപ്പെട്ട് അവരവർക്ക് നൽകിയിട്ടുള്ള ജോലികൾ ദിവസേന ഏറ്റെടുത്ത് നടത്തുന്നു |
| ബി) ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തിയതിനെത്തുടർന്ന് ശുചീകരണ ജോലികൾ നിർവ്വഹിക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) കൂടുതൽ ആശുപത്രികളിൽ ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി) ഈ സംവിധാനം ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് വളരെ ഗുണം ചെയ്യുന്നുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താലൂക്കാശുപത്രിവരെ മുഴുവൻ ആശുപത്രികളിലും ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും ഇതനുസരിച്ച് വിവിധ ആശുപത്രികളിൽ ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് വരികയുമാണ്. |
| ഡി) ആശുപത്രികളിൽ സന്ദർശകരെ കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122 | | 27.06.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| സ്ത്രീകളുടെ തൊഴിലില്ലായ്മ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.സി. രാജഗോപാലൻ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | ചെറുപ്പക്കാരായ സ്ത്രീകളുടെ തൊഴിലില്ലായ്മ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഇല്ല |
| (ബി) | തൊഴിലന്വേഷകരായ സ്ത്രീകളുടെ കഴിവുകൾ ഉയർത്തുന്നതിനും അവരെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം (2007-08) മുതൽ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ ഫോർ വിമൻ എന്ന ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവ വഴി ഇത് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തൊഴിൽ രഹിതരായ വനിതകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വനിതാ വികസന കോർപ്പറേഷൻ വിവിധതരം ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിപാടികളും നടപ്പിലാക്കിവരുന്നു. |

| | | |
|---|---|---|
| (സി) | ഇതിനായി എല്ലാ ജില്ലകളിലും ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 12 മഹിളാ മന്ദിരങ്ങളുൾപ്പെടെ 16 വനിതാ ക്ഷേമ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 2007-08 സാമ്പത്തിക വർഷത്തിൽ ഫിനിഷിംഗ് സ്കൂൾ ഫോർ വിമൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 16 സ്ഥാപനങ്ങളിലെ 441 വനിതകൾക്കാണ് 'സ്റ്റെഡി'ന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നത്. ടി ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളേയും മുൻ അന്തേവാസികളേയും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെയുമാണ് 2007-08 ൽ പരിശീലനം നൽകുന്നതിന് തെരഞ്ഞെടുത്തത്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ അഭ്യസ്തവിദ്യരായ 60 കുട്ടികൾക്ക് ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞു. പോളിടെക്നിക് വിദ്യാഭ്യാസ പശ്ചാത്തലമുള്ള പെൺകുട്ടികൾക്ക് ജോലി സാധ്യത മെച്ചപ്പെടുത്തുവാൻ വനിതാ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കുന്ന വിമൻസ് റിസോഴ്സ് സെന്റർ /ഫിനിഷിംഗ് സ്കൂൾ വഴി എല്ലാ ജില്ലകളിലേയും പോളിടെക്നിക് വിദ്യാഭ്യാസ പശ്ചാത്തലമുള്ള പെൺകുട്ടികൾക്ക് റസിഡൻഷ്യൽ പരിശീലനം ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 500 സ്ത്രീകൾക്ക് ബാംബൂ മാറ്റ് നിർമ്മാണത്തിൽ പരിശീലനം നല്കുവാൻ ബാംബൂ ഡെവലപ്പ് മെന്റ് കോർപ്പറേഷനുമായി ചേർന്ന് വനിതാ വികസന കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വനിതാ ഐ.ടി.ഐ.കളിൽ ഫിനിഷിംഗ് സ്കൂളുകൾ, ഹാൻഡ്‌ലൂം വീവിംഗ് ആന്റ് ഡിസൈനിംഗ്, ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക്സ് ഗുഡ്സ് റിപ്പയറിംഗ്, മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം, |

| | | |
|---|---|---|
| | | പേഴ്സണാലിറ്റിഡെവലപ്പ്മെന്റ് പ്രോഗ്രാം, ഗോൾഡ് ക്രാഫ്റ്റിംഗ് ആന്റ് ജുവലറി ഡിസൈനിംഗ്, ഹോട്ടൽ മാനേജ്മെന്റ് എന്നിവയാണ് വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ ഭാഗമായി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മറ്റു പരിശീലന പരിപാടികൾ. |

സെക്ഷൻ ഓഫീസർ

<u>പതിമൂന്നാം കേരള നിയമസഭ</u>

എട്ടാം <u>സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 123 — 27/06/2008-ൽ മറുപടിക്ക്

## <u>വിഴിഞ്ഞം തുറമുഖ നിർമ്മാണം</u>

ചോദ്യം
ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. കെ. കെ. ഷാജു

മറുപടി
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| എ) | വിഴിഞ്ഞം മദർ പോർട്ടിന്റെ നിർമ്മാണം അട്ടിമറിക്കുന്നതിന് നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | ഇത് സംബന്ധിച്ച ടെണ്ടർ നടപടിയിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സി) വിഴിഞ്ഞം പദ്ധതിക്കായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനായി 2007 ആഗസ്റ്റ് മാസത്തിൽ അന്താരാഷ്ട്ര തലത്തിൽ ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കേണ്ട അവസാന തീയതിയായ 31.01.08-ന് 17 സ്വകാര്യ കമ്പനികൾ ഉൾപ്പെട്ട 5 കൺസോർഷ്യങ്ങൾ ദർഘാസ് സമർപ്പിച്ചു. സർക്കാർ രൂപീകരിച്ച **Bid Opening Committee** മേൽ ദർഘാസുകൾ തുറക്കുകയും പ്രാഥമിക പരിശോധനയിൽ യോഗ്യമാണെന്ന് കണ്ടെത്തിയതിനാൽ 5 ദർഘാസുകളും സ്വീകരിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച **Bid Evaluation Committee** മേൽ ദർഘാസുകൾ ഉപദേഷ്ടാക്കളായ **IL&FS IDC** യുടെയും സാങ്കേതിക ഉപദേഷ്ടാക്കളായ **L&T Ramboll Consulting Engineers** – ന്റെയും സഹായത്തോടെ വിശദമായ പരിശോധനയ്ക്കും അവലോകനത്തിനും വിധേയമാക്കി. ഏറ്റവും കുറഞ്ഞ **State Debt Support** തുക നിർദ്ദേശിച്ച **M/s. LANCO Kondappally Power Pvt. Ltd.** ലീഡ് മെമ്പറായ കൺസോർഷ്യം സമർപ്പിച്ച ദർഘാസ് സ്വീകരിക്കുവാൻ മേൽ കമ്മിറ്റി ശുപാർശ ചെയ്തു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി കമ്പനിയുടെ ദർഘാസ് കേന്ദ്ര സർക്കാരിന്റെ വിവിധ അനുമതികൾക്ക് വിധേയമായി സ്വീകരിച്ചുകൊണ്ട് സർക്കാർ 24.05.08-ൽ (എം.എസ്.) 28/08/മതുവ പ്രകാരം ഉത്തരവായി.<br>കേന്ദ്രസർക്കാരിന്റെ കപ്പൽഗതാഗതം, ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം എന്നീ മന്ത്രാലയങ്ങൾക്കും ക്യാബിനറ്റ് സെക്രട്ടേറിയറ്റിനും അനുമതികൾക്കായി സർക്കാർ കത്തെഴുതി. കേന്ദ്ര സർക്കാരിന്റെ അനുമതികൾ ലഭ്യമായാലുടൻ തന്നെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളിയുമായി കരാർ ഒപ്പു വെയ്ക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.124 27.06.2008-ൽ മറുപടിയ്ക്ക്

യുവജന-കാർഷിക ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീ. ബാബു പോൾ:<br>ശ്രീ. കെ. രാജു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് യുവജന - കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br><br>ബി) കാർഷിക വികസനത്തിന് ഈ ക്ലബ്ബുകളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>സി) ഇത്തരം ക്ലബ്ബുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (എ), (ബി), (സി)<br>പരമ്പരാഗത കാർഷികവിളകളെ പ്രോത്സാഹിപ്പിക്കുന്നതിനായി, തരിശുഭൂമിയിലോ പാട്ടത്തിനെടുത്ത ഭൂമിയിലൊ കൃഷി ചെയ്യാൻ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒരു പ്രോത്സാഹനമെന്ന നിലയിൽ ആദ്യഘട്ടത്തിൽ 5,000 രൂപ വരെ ഈ ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നതാണ്. |

Valsl

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 126                  27.6.2008-ൽ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ബി.രാഘവൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ മുഖ്യ അസംസ്കൃത വസ്തുക്കളുടെ അതിഭീമമായ വില വർദ്ധന കമ്പനിയെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ചില അസംസ്കൃത വസ്തുക്കൾക്ക് വിപണിയിൽ ദൗർലഭ്യം നേരിടുന്നുമുണ്ട്.<br><br>ടി.ടി.പിയുടെ പ്രതിമാസ ഉൽപാദനത്തിന് ഉദ്ദേശം 2500 ടൺ സൾഫർ ആവശ്യമുണ്ട്. 2007 ഏപ്രിലിൽ ഒരു ടൺ സൾഫറിന് 5,000 രൂപയായിരുന്നു വില. 2008 ഏപ്രിലിൽ ഇതിന്റെ വില 29500 രൂപയായി ഉയർന്നു. ഈ വിലയ്ക്ക് സൾഫർ വാങ്ങി ഉൽപാദനം നടത്തിയാൽ ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ വില 1,10,000 രൂപയാകും. ഒരു ടൺ സൾഫർ ഏകദേശം 8000 രൂപയ്ക്ക് ലഭ്യമായാൽ മാത്രമെ കമ്പനി നഷ്ടമുണ്ടാകാതെ നടത്താനാവൂ.<br><br>ടി.ടി.പി അതിന്റെ ഉൽപാദനത്തിനാവശ്യമായ 2500 ടൺ സൾഫറിൽ 1000 ടൺ ബി.പി.സി.എൽ (മുമ്പ് കൊച്ചിൻ റിഫൈനറി) യിൽ നിന്നാണ് വാങ്ങിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ബി.പി.സി.എൽ നിന്ന് ഒരു മാസം 600-900 ടൺ സൾഫർ മാത്രമാണ് ലഭിക്കുന്നത്. |

കമ്പനിയുടെ അസംസ്കൃത വസ്തുക്കളുടെ [illegible] ഉല്പന്നങ്ങളുടെയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഫർണസ് ഓയിലിന്റെയും മണ്ണെണ്ണയുടെയും വിലയിൽ 40% വർദ്ധനവുണ്ടായിട്ടുണ്ട്

അസംസ്കൃത വസ്തുക്കളുടെ ഇന്നത്തെ വില നിലവാരം അനുസരിച്ച് ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉൽപാദനച്ചെലവ് ഒരു ലക്ഷത്തി പതിനായിരം രൂപയാണ്.

ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ചുങ്കത്തിലുണ്ടായ കുറവുമൂലം ഇന്ത്യൻ വിപണിയിൽ വമ്പിച്ച തോതിൽ ഈ ചരക്ക് കടന്നുവരുന്നുണ്ട്. വിപണിയിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇപ്പോഴുള്ള വില 90,000 രൂപയാണ്.

പ്രതിമാസം 1500 ടൺ ഉൽപാദനം നടത്തുന്ന ടി.ടി.പിക്ക് ഏകദേശം മൂന്നര കോടി രൂപയോളം പ്രതിമാസ നഷ്ടമുണ്ട്.

കമ്പനിയുടെ പ്രധാന അസംസ്കൃത വസ്തുവായ ഇൽമനൈറ്റ് ചവറയിലുള്ള ഐ.ആർ.ഇ യിൽ നിന്നാണ് ലഭിക്കുന്നത്. ഐ.ആർ.ഇ-യിലുണ്ടാകുന്ന തൊഴിൽ കുഴപ്പങ്ങൾ മൂലം പലപ്പോഴും ഇൽമനൈറ്റ് ആവശ്യത്തിന് ലഭിക്കാതെ വരുന്നുണ്ട്. 01.04.2008 മുതൽ ഐ.ആർ.ഇ-യിൽ തുടങ്ങിയ സമരം 24.5.2008 വരെ തുടരുകയുണ്ടായി. ഈ കാലയളവിൽ ഇൽമനൈറ്റ് ലഭിക്കാതെ വരികയും ടി.ടി.പി പ്രതിസന്ധിയിലാകുകയും ചെയ്തു. സമരം അവസാനിച്ച ശേഷവും ലോറികളുടെ ക്ഷാമം മൂലം ഇൽമനൈറ്റ് ശേഖരിക്കുവാൻ കാലതാമസം ഉണ്ടായി.

| | |
|---|---|
| (ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ പ്രതിസന്ധി ഗൗരവമായി കണക്കിലെടുത്ത് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ എം.എൽ.എമാരും, സർക്കാരിലെ ഉന്നത |

ഉദ്യോഗസ്ഥരും, ടൈറ്റാനിയം മാനേജ്മെന്റുമടങ്ങുന്ന ഒരു യോഗം 09/04/2008-ൽ വിളിച്ചു കൂട്ടി പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സുപ്രധാന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

കുവൈറ്റിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സൾഫർ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ചന്വേഷിക്കാൻ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ.പി.എച്ച്. കുര്യൻ ഐ.എ.എസിനേയും, ടി.ടി.പിയിലെ ഉയർന്ന ഉദ്യോഗസ്ഥനേയും കുവൈറ്റിലേയ്ക്ക് അയച്ചു. ടി.ടി.പിയെ പോലെ സൾഫർ ദൗർലഭ്യം അനുഭവപ്പെടുന്ന ആലുവയിലെ ഫാക്ടുമായി ചേർന്ന് സംയുക്തമായി സൾഫർ ഇറക്കുമതി ചെയ്യാൻ കുവൈറ്റ് പെട്രോളിയം കമ്പനിയുമായി ഒരു ദീർഘകാല കരാർ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്.

(സി) കമ്പനിയുടെ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനുമായി പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) ദീർഘകാല പദ്ധതിയുടെ ഭാഗമായി ടി.ടി.പിയിൽ നിലവിലുള്ളതിന് പകരം മറ്റേതെങ്കിലും പ്രവർത്തന രീതി കണ്ടെത്തുക, ഉല്പന്ന വൈവിദ്ധ്യവല്ക്കരണം നടത്തുക, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മലിനീകരണ നിവാരണ പദ്ധതികളുടെ പ്രായോഗികത എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ചെന്നൈ ഐ.ഐ.ടിയിലെ പ്രൊഫസർ പുഷ്പവനത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു ആറംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. സമിതി ഇതിനകം രണ്ട് യോഗങ്ങൾ ചേരുകയും മൂന്നാമത്തെ യോഗം 28/06/2008 -ന് കൂടുവാൻ നിശ്ചയിച്ചിരിക്കുകയുമാണ്. താമസംവിനാ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (ഡി) കമ്പനിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (ഡി) മേൽപ്പറഞ്ഞ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ കമ്പനി പ്രവർത്തിപ്പിക്കുവാൻ 10 കോടി രൂപ നൽകുവാൻ ധാരണയായിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായ മൂന്ന് കോടി രൂപ നൽകാൻ ഉത്തരവായിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സൾഫറിന്റേയും, ഇൽമനൈറ്റിന്റേയും ശേഖരണം ത്വരിതപ്പെടു ത്തി എത്രയും വേഗം ഉല്പാദനം പുനരാരംഭിക്കുവാനുള്ള ശ്രമത്തിലാണ് കമ്പനി. |
| (ഇ) കമ്പനിയുടെ പ്രതിസന്ധി പരിഹരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഇ) ഇല്ല. വിദഗ്ദ്ധ സമിതി ഇതിനകം രണ്ട് യോഗങ്ങൾ ചേരുകയും മൂന്നാമത്തെ യോഗം 28.6.2008-ലേയ്ക്ക് തീരുമാനിക്കുകയും ചെയ്യിട്ടുണ്ട്. താമസംവിനാ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126 | 27.6.2008 ൽ മറുപടിക്ക് |
|---|---|

## പാലിയേറ്റീവ് പരിചരണ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. പി. വിശ്വൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് മാറാ രോഗികൾക്കും കിടപ്പിലായ രോഗികൾക്കും അവരുടെ വീടുകളിൽ തന്നെ പരിചരണം എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഒരു പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ ഒരു സംരംഭം ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലായിട്ടുണ്ടോ; | ബി) ഒരു പാലിയേറ്റീവ് പരിചരണ നയം ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ആണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള നയപരിപാടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. |
| സി) ഏതെല്ലാം മേഖലകളിലുള്ളവരുടെ പങ്കാളിത്തത്തോടെയാണ് ഈ നയം വിപുലീകരിക്കാൻ നയരേഖയിൽ ഉദ്ദേശിക്കുന്നത്; | സി) പാലിയേറ്റീവ് പരിചരണ നയം നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ ഉപകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, മറ്റ് ആശുപത്രികൾ എന്നിവ പ്രധാന പങ്ക് വഹിക്കുന്നതാണ്. പാലിയേറ്റീവ് കെയർ രംഗത്ത് ഇതിനകം തന്നെ ഫലപ്രദമായി പ്രവർത്തിച്ചുവരുന്ന സാമൂഹിക സന്നദ്ധ സംഘടനകളുമായി ഏകോപ്പിച്ചിട്ടുള്ള പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ താഴെ തട്ടിലുള്ള ജനങ്ങൾക്കിടയിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വലിയ പങ്ക് വഹിക്കാൻ കഴിയുന്ന വിധത്തിലാണ് ഈ നയം വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇപ്പോൾ ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്കും പാലിയേറ്റീവ് പരിചരണത്തിന്റെ ഒരു പ്രധാന പങ്കു വഹിക്കുവാൻ കഴിയുന്നതാണ് |

(. . . . . . . . 2)

| | |
|---|---|
| ഡി) ആരോഗ്യ മേഖലയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പാലിയേറ്റീവ് പരിശീലനം നൽകാനുള്ള എന്തൊക്കെ പദ്ധതികളാണ് നയ രേഖയിൽ പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | ഡി) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ ഡോക്ടർമാർക്കും വിവിധ വിഭാഗം പാരാമെഡിക്കൽ ജീവനക്കാർക്കും വിവിധ തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ പദ്ധതിയുണ്ട്. സംസ്ഥാനത്തെ ഡോക്ടർമാർക്കും നഴ്സുമാർക്കും പഞ്ചായത്ത് പ്രതിനിധികൾക്കും വേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ, ഫൗണ്ടേഷൻ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ ഇല്ലാത്ത ജില്ലകളിൽ സാമൂഹിക സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി വോളന്റിയർമാർക്ക് പരിശീലനം നൽകുവാനും ഉദ്ദേശിക്കുന്നുണ്ട്. കഴിവതും ഈ പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള പരിശീലന പരിപാടികളുമായി യോജിപ്പിച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ വിവിധ സർവ്വകലാശാലകളുടെ മെഡിക്കൽ നഴ്സിംഗ് കോഴ്സുകളുടെ സിലബസുകളുടെ ഭാഗമായി പാലിയേറ്റീവ് മെഡിസിൻ പഠിപ്പിക്കുന്നതിന് പ്രാധാന്യം നൽകാനും ഉദ്ദേശിക്കുന്നു. |
| ഇ) ഇത് നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ ഏതു ഘട്ടത്തിലാണ്; | ഇ) എൻ.ആർ.എച്ച്.എം. പാലിയേറ്റീവ് പരിചരണത്തിനായി രണ്ടു വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനും കൂടി എൻ.ആർ.എച്ച്.എം. ന്റെ സഹായത്തോടെ 2007-08-ൽ 35 പഞ്ചായത്തുകളിൽ 'പരിരക്ഷ' പദ്ധതിയിലൂടെ നിർദ്ധനരായ കിടപ്പിലായ രോഗികൾക്ക് പരിചരണവും മരുന്നും ഗൃഹസംരക്ഷണത്തിലൂടെ നൽകിവരുന്നു. 2008-09 ൽ ഇത് 50 പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| എഫ്) പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്ക് ആവശ്യമുള്ള മരുന്നുകൾ മെഡിക്കൽ കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ? | എഫ്) പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്ക് ആവശ്യമായ ചില മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ.127 27.06.2008-ൽ മറുപടിയ്ക്ക്

യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി :<br>ശ്രീ. സാജുപോൾ :<br>ശ്രീ.എ. പ്രദീപ് കുമാർ :<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ : | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| എ)<br>യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ? | എ)<br>i. യുവശക്തി പദ്ധതി<br>ii. യുവജന ക്ലബ്ബുകൾക്ക് ധനസഹായം<br>iii. കേരളോത്സവം<br>iv. യുവജന-കാർഷിക ക്ലബ്ബുകൾ<br>v. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രവർത്തനം.<br>vi. യൂത്ത് ഫോറം<br>vii. പരിശീലനങ്ങൾ<br>viii. കൗമാരപ്രായക്കാരുടെ ശാക്തീകരണം<br>ix. യുവകർമ്മസേന<br>x. സാഹസിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br>xi. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം<br>xii. ദൃശ്യമാധ്യമ അവതാരക പരിശീലനം<br><br>തുടങ്ങിയവയാണ് യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ. |

| | |
|---|---|
| ബി) സാമൂഹ്യ അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കുന്നതിനായി യുവജനക്ഷേമ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് യുവശക്തി പദ്ധതിയുടെ ഭാഗമായി യൂത്ത് സെന്ററുകളിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സാമൂഹിക അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കെതിരെ യുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കുന്നതിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ യുവശക്തി പദ്ധതിയിലൂടെ നടപ്പാക്കുന്നതാണ്. |
| സി) സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള കപട ആത്മീയതയ്ക്കെതിരെ പ്രചാരണം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ സഹകരണത്തോടെ യുക്തിജാലം എന്ന പ്രഭാഷണ മാജിക് പരിപാടി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുകയുണ്ടായി. |
| ഡി) ഇത്തരം പരിപാടികളിൽ വനിതകളുടെ പരിപാടികളിൽ വനിതകളുടെ മെച്ചപ്പെട്ട പങ്കാളിത്തം ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുമോ ? | ഡി) ഇത്തരം പരിപാടികളിൽ വനിതകളുടെയും വനിതാ ക്ലബ്ബുകളുടെയും പങ്കാളിത്തം ഉണ്ടാക്കുന്നതിന് യുവജനക്ഷേമ ബോർഡ് പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 128 — 27.06.2008-ൽ മറുപടിക്ക്

## ശുദ്ധജല വിതരണ പദ്ധതികൾ

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി
ശ്രീ. എ.എം. ആരിഫ്
ശ്രീ. വി.എൻ. വാസവൻ
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

**ഉത്തരം**

ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്ന കാര്യത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള വാട്ടർ അതോറിറ്റിക്ക് ഇതുവരെ 172 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവയിൽ 36 എണ്ണം വൻകിട പദ്ധതികളാണ്. ഇതിലൂടെ 10 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

ജലനിധി പദ്ധതിയിലൂടെ നേരത്തെ നിർമ്മാണം ആരംഭിച്ച് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വന്ന 1588 ചെറുകിട കുടിവെള്ള പദ്ധതികളും 6 ബൃഹത് കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

ബി) ചെറുതും വലുതുമായ എത്ര പദ്ധതികളാണ് ഇപ്പോൾ നിർമ്മാണത്തിലുള്ളത്; ഈ പദ്ധതികളുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ചെറുതും വലുതുമായി താഴെ പറയുന്ന പദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിലുണ്ട്

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | അടങ്കൽ തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | സംയോജിത നഗര ശുദ്ധജല വിതരണ പദ്ധതി | 7 | 3218.77 |
| 2 | സംയോജിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി | 92 | 66145.28 |
| 3 | ടെക്നോളജി മിഷൻ | 13 | 12926.50 |
| 4 | എൽ.ഐ.സി (റൂറൽ) | 38 | 28924.58 |
| 5 | എൽ.ഐ.സി (അർബൻ) | 28 | 30517.90 |
| 6 | നബാർഡ് | 6 | 5266.32 |
| 7 | സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | 17 | 3888.53 |
| 8 | ജെ.ബി.ഐ.സി സഹായത്തോടെയുള്ള പദ്ധതി | 5 | 258990.00 |
| 9 | ടി.ഇ.എ.പി-സുനാമി അടിയന്തിര സഹായ പദ്ധതി | 3 | 6824.00 |

| | | | |
|---|---|---|---|
| 10 | ബാങ്കിന്റെ സഹായ ത്തോടെയുള്ള പദ്ധതി | 1 | 5635.00 |
| 11 | പശ്ചിമ കൊച്ചിക്കു വേണ്ടിയുള്ള ഡി.എഫ്.ഐ.ഡി പദ്ധതി | 1 | 3567.27 |
| 12 | എൻ.സി/പി.സി | 252 | 10281.49 |
| 13 | മിനി കുടിവെള്ള പദ്ധതികൾ | 3 | 79.30 |
| 14 | സുനാമി പുനരധിവാസ പദ്ധതികൾ (റ്റി.ആർ.പി) | 113 | 6756.31 |

മേൽപ്പറഞ്ഞവ കൂടാതെ, 630.85 ലക്ഷം അടങ്കൽ തുകയുള്ള 633 ഗ്രാമീണ സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതികളും, 740 യൂണിറ്റ് വർഷ പദ്ധതികളും (അടങ്കൽ തുക 215.49 ലക്ഷം), ഏകദേശം 9 കോടി രൂപയുടെ 120 സ്വജലധാര പദ്ധതികളും നിർമ്മാണത്തിലിരിക്കുന്നവയിൽ ഉൾപ്പെടുന്നു.

5207.54 ലക്ഷം തുകയുടെ 1155 ഡെപ്പോസിറ്റ് വർക്കുകളും കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തി വരുന്നു.

കേന്ദ്ര സർക്കാർ സംരംഭമായ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിനുവേണ്ടി 87.16 കോടി രൂപയുടെ കുടിവെള്ള പദ്ധതിയും കൊച്ചി നഗരത്തിനു വേണ്ടി 201.17 കോടി രൂപയുടെ കുടിവെള്ള പദ്ധതിയും നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മുൻസിപ്പാലിറ്റിക്കു വേണ്ടി 91.94 കോടി രൂപയുടെ കുടിവെള്ള പദ്ധതിയും പയ്യന്നൂർ മുൻസിപ്പാലിറ്റിക്കു വേണ്ടി 40.19 കോടി രൂപയുടെ കുടിവെള്ള പദ്ധതിയും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൻകിട പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I-ൽ ചേർക്കുന്നു.

ജലനിധി പദ്ധതിപ്രകാരം 24 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും 9 ബൃഹത് പദ്ധതികളുമാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളത്. ഈ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 5440.49 ലക്ഷം രൂപയാണ്.

| | |
|---|---|
| (സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ വർഷം ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഈ വർഷം, (2008-2009) ചെറുതും വലുതുമായ 95 പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം II – ൽ ചേർക്കുന്നു.<br>ജലനിധിയുടെ കീഴിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 24 ചെറുകിട പദ്ധതികളും ചവറ പന്മന പഞ്ചായത്തുകളിലുള്ള സുനാമി പുനരധിവാസ കുടിവെള്ള പദ്ധതിയൊഴികെയുള്ള 8 ബൃഹദ് പദ്ധതികളും ഈ വർഷം തന്നെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. സുനാമി പുനരധിവാസ കുടിവെള്ള പദ്ധതി 2009 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129 | 27.6.2008 ൽ മറുപടിക്ക് |
|---|---|

ആരോഗ്യ മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ഷാജു<br>ശ്രീ. കെ.ബി ഗണേഷ്കുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ ആരോഗ്യ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് ഒഴിവുകൾ കൃത്യമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു നിയമനം നടത്തുന്നുണ്ട്. സ്റ്റാഫ് നഴ്സുമാർ തുടങ്ങിയ ഇതര തസ്തികകളിലേക്കും ഒഴിവുകൾ നികത്താൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ആവശ്യമുള്ള വിഭാഗങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നുണ്ട്. മരുന്നു വിതരണത്തിലെ അപാകത പരിഹരിക്കുന്നതിനും മരുന്നു വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഒരു കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനത്തിൽ ഒരു മിനി ഓപ്പറേഷൻ തീയേറ്റർ കഴിഞ്ഞ തീർത്ഥാടനസമയത്ത് പ്രവർത്തനക്ഷമമാക്കി. നല്ലൂർനാട്, അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രികളിൽ സ്ഥിരമായി ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്.<br>പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ചികിത്സാ ധനസഹായ പദ്ധതിയിൻകീഴിൽ ധനസഹായ വിതരണം ചെയ്യുന്നതിനായി കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. 92 പുതിയ ലാപ്രോസ്കോപ്പുകൾ വാങ്ങി എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും കൂടുതൽ പി.എച്ച്.സി.കളെ സി.എച്ച്.സി.കളായി ഉയർത്തുവാനുമുള്ള നടപടികൾ നടന്നുവരുന്നുണ്ട്. |

| | |
|---|---|
| | ഒരു പാലിയേറ്റീവ് കെയർ പോളിസി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി ബോധവത്ക്കരണ ക്ളാസുകൾ, ഇമ്മ്യൂണിറ്റി ക്ളിനിക്കുകൾ എന്നിവ ആരംഭിച്ചു പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തത്, ഗവൺമെൻറ് ആശുപത്രികളിലെ ശുചീകരണത്തിൻെറ അഭാവം, മരുന്നു ക്ഷാമം, ജീവനക്കാരുടെ പ്രമോഷൻ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. പി.എസ്.സി. വഴിയും എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് വഴിയും താല്കാലികമായി ഒഴിവുകൾ നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രമോഷൻ സമയബന്ധിതമായി നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നു വിതരണം കുറ്റമറ്റതാക്കുന്നതിന് മെഡിക്കൽ സപ്ളൈസ് കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു ഹൗസ്കീപ്പിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| സി) സി.എച്ച്.സി.കളും പി.എച്ച്.സി. കളും ഉപ ആരോഗ്യ കേന്ദ്രങ്ങളും വഴി മുൻകാലങ്ങളിൽ നടത്തിയിരുന്നത് പോലെ ആരോഗ്യ ബോധവൽകരണം വ്യാപകമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവർ ഫീൽഡ് വിസിറ്റ് നടത്തുമ്പോഴും എം.എസ്.എസ്. മീറ്റിംഗുകളിലും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ, മഹിളാ സമാജങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ചർച്ചാക്ളാസുകളും മറ്റും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.130 | 27.6.2008 ൽ മറുപടിക്ക് |
|---|---|

### അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഡോക്ടർമാർക്കെതിരെ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ. എസ്.രാജേന്ദ്രൻ:<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി |

| | |
|---|---|
| **എ)** സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സിയിൽ നിന്നും നിർദ്ദേശിക്കുന്നതനുസരിച്ച് നിയമനം നടത്തുകയും ചെയ്യുന്നുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതെ വരുന്ന സാഹചര്യത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തിവരുന്നുണ്ട്. |
| **ബി)** ഡോക്ടർമാരുടെ എത്ര ഒഴിവുകളാണിപ്പോഴുള്ളത്; ദീർഘനാളായി അനധികൃതമായി ജോലിയ്ക്കു ഹാജരാകാതിരുന്ന ഡോക്ടർമാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) ആയുർവ്വേദമെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 48 ഉം ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറുടെ കീഴിൽ 64 ഉം ഹോമിയോപ്പതി ഡയറക്ടറുടെ കീഴിൽ 61 ഉം ആരോഗ്യവകുപ്പു ഡയറക്ടറുടെ കീഴിൽ 382 ഉം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 518 ഉം ഒഴിവുകളുണ്ട്.<br>ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടറുടെ കീഴിൽ ദീർഘനാളായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഒരു ഡോക്ടർക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്. ഹോമിയോപ്പതിയിൽ 2 |

| | |
|---|---|
| | ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യവകുപ്പിൽ 124 പേരെ പിരിച്ചുവിട്ടുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഡയറക്ടർ ഒഫ് മെഡിക്കൽ എജ്യുക്കേഷന്റെ കീഴിലുള്ള 171 ഡോക്ടർമാരെ പിരിച്ചുവിടുകയും, 89 പേർക്കെതിരെ പിരിച്ചുവിടുന്നതടക്കമുള്ള അച്ചടക്കനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| **സി)** ആരോഗ്യമേഖലയിൽ ദീർഘനാളായി മുടങ്ങിക്കിടക്കുന്ന പ്രൊമോഷനുകൾ നടത്താൻ നടപടി സ്വീകരിക്കുമോ? | സി)മുടങ്ങിക്കിടക്കുന്ന പ്രമോഷനുകൾ നടത്തുന്നതിന് അതാത് സമയങ്ങളിൽ ഡി.പി.സി. യോഗം ചേരുകയും യോഗ്യരായവരുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 131

27.06.2008-ൽ മറുപടിക്ക്

## പുതിയ വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. കെ. സുധാകരൻ :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന--തിന് കിൻഫ്ര 18 ധാരണാപത്രത്തിലും കെ.എസ്.ഐ. ഡി.സി 64 ധാരണാപത്ര--ത്തിലും ഒപ്പു വച്ചു. |
| (ബി) ഏതെല്ലാം പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ധാരണാപത്രത്തിലാണ് ഒപ്പുവച്ചത് ; | (ബി) കെ.എസ്.ഐ.ഡി.സി ഒപ്പു വച്ച ധാരണാ-പത്രങ്ങളുടെ വിശദവിവരം അനുബന്ധം-I ലും കിൻഫ്ര ഒപ്പു വച്ച ധാരണാപത്രങ്ങ--ളുടെ വിശദവിവരം അനുബന്ധം-II ലും കൊടുത്തിരിക്കുന്നു. |
| (സി) ഈ ഓരോ വ്യവസായത്തിനും എത്ര തുക വീതമാണ് നിക്ഷേപിക്കുന്നത് ; | (സി) മേൽപ്പറഞ്ഞ വ്യവസായ സംരംഭകരിൽ നിന്ന് കിൻഫ്ര ഏകദേശം 863.33 കോടി രൂപയുടെയും കെ.എസ്.ഐ.ഡി.സി ഏകദേശം 3947.50 കോടി രൂപയുടെയും നിക്ഷേപം പ്രതീക്ഷിക്കുന്നു. |
| (ഡി) ഈ ധാരണാപത്രങ്ങള--നുസരിച്ച് എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് ? | (ഡി) കിൻഫ്രയുമായി ഒപ്പുവച്ച സംരംഭകരുടെ യൂണിറ്റുകൾ എല്ലാം തന്നെ നിർമ്മാണത്തി--ന്റെ വിവിധ ഘട്ടങ്ങളിലാണ്. കെ.എസ്.ഐ.ഡി.സി.യുമായി ധാരണാ പത്രം ഒപ്പുവച്ചവരിൽ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മരിയൻ അപ്പാരൽസ്, ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തി-ൽ കേരാ മാറ്റ് വാല പ്രൈ. ലിമിറ്റഡ് എന്നീ കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 132

27.06.2008-ൽ മറുപടിയ്ക്ക്

**വ്യാവസായികാവശ്യത്തിനായി സർക്കാർ ഭൂമി അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.സി. രാമൻ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ വ്യാവസായികാവശ്യങ്ങൾക്കായി കമ്പനികൾക്കോ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ സ്ഥലം നൽകുകയോ, സ്ഥലം നൽകുന്നതിന് ധാരണാപത്രത്തിൽ ഒപ്പിടുകയോ ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം; എത്ര സ്ഥലം വീതം നൽകിയെന്നും, ആരുമായെല്ലാം സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ധാരണാപത്രത്തിൽ ഒപ്പുവെച്ചുവെന്നും വ്യക്തമാക്കുമോ; | (ബി യും സിയും) കിൻഫ്ര ഭൂമി അനുവദിച്ച വിവരങ്ങൾ അനുബന്ധം ഒന്നിലും കെ.എസ്.ഐ.ഡി.സി. യെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിലും ചേർത്തിരിക്കുന്നു.<br>കേരള സിറാമിക്സ് 50 സെന്റ് സ്ഥലം കാപ്പക്സിന് നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി)ധാരണാപത്രം ഒപ്പുവെച്ച കമ്പനിയുമായുള്ള അന്തിമ കരാർ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ധാരണാപത്രം ഒപ്പുവെച്ച കമ്പനികൾക്കെല്ലാം കിൻഫ്രയുടെ വിവിധ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഐ.ഡി.സി. രണ്ട് ധാരണാപത്രത്തിൻ പ്രകാരമുള്ള അന്തിമ കരാർ തയ്യാറാക്കി വരുന്നതേയുള്ളൂ. |

Rajesh

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 133 | | 27.06.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്ത് | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.എ.എ. അസീസ് | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | വിവാഹങ്ങളോടനുബന്ധിച്ച് നടക്കുന്ന ആഡംബരങ്ങളും ധൂർത്തും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും: ഉണ്ട്. |
| (ബി) | വിവാഹങ്ങളോടനുബന്ധിച്ച് വൻതോതിൽ പണം ചെലവഴിക്കുന്നതുമൂലം ഒട്ടുമിക്ക കുടുംബങ്ങളും കടക്കെണിയിൽ ആയിത്തീരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | സമൂഹത്തിലെ സമസ്ത മേഖലകളിലുമുള്ളവരുടേയും വിവാഹങ്ങളോടനുബന്ധിച്ച് ഇന്നുകാണുന്ന ദുർവ്യയം ഒരു വലിയ സാമൂഹ്യപ്രശ്നമായി കാണുന്നുണ്ടോ; | സി) ഉണ്ട്. |
| (ഡി) | വിവാഹം ചെലവു കുറഞ്ഞ ചടങ്ങായി മാറ്റുന്നതിന് ആവശ്യമായ നിയമ നിർമ്മാണ നടപടികൾ കൊണ്ടുവരുമോ? | (ഡി) പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134 | | 27.06.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| അംഗൻവാടികളുടെ പ്രവർത്തനം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. എം. ചന്ദ്രൻ<br>" ബി.ഡി. ദേവസ്സി<br>" എം. ഹംസ<br>" എം.ജെ. ജേക്കബ്<br>" കെ.ടി. ജലീൽ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ഹോണറേറിയത്തിൽ സ്റ്റേറ്റ് ഷെയർ 150/- രൂപയുടെ വർദ്ധനവ് 01.07.2006 മുതൽ പ്രാബല്യം നല്കി അനുവദിച്ചു. വർക്കർക്ക് 1400-ൽ നിന്നും 1550 രൂപയായും ഹെൽപ്പർക്ക് 900/-ൽ നിന്ന് 1050 രൂപയായും വർദ്ധിപ്പിച്ചു.<br>2. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുത്തുന്നതിലേയ്ക്കായി നല്കിവന്നിരുന്ന അധിക വേതനത്തിൽ വർക്കർമാർക്ക് 50/- രൂപയുടെയും ഹെൽപ്പർമാർക്ക് 25/- രൂപയുടേയും വർദ്ധനവ് ഏർപ്പെടുത്തി.<br>3. പച്ചക്കറി, വിറക് എന്നിവയ്ക്ക് നല്കിയിരുന്ന തുക ഗുണഭോക്താവ് ഒന്നിന് 20 പൈസയിൽ നിന്നും 50 പൈസയായി വർദ്ധിപ്പിച്ചു. ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോ ഒന്നിന് 50 പൈസയായി വർദ്ധിപ്പിച്ചു.<br>4. താല്ക്കാലികമായി 15.12.2006 മുമ്പായി 6 മാസമോ അതിലധികമോ കാലയളവിൽ ജോലി ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തി. |

5. 10 വർഷത്തെ സ്ഥിര സേവനമുള്ള എസ്.എസ്.എൽ.സി. പാസ്സായവരും 55 വയസ്സ് തികയാത്തവരുമായ ഹെൽപ്പർമാരെ 25% വർക്കർ തസ്തികയിലേക്ക് കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നല്കി.

6. എസ്.എസ്.എൽ.സി പാസ്സാകാത്തവരും 10 വർഷത്തെ സ്ഥിരം സർവ്വീസും 55 വയസ്സ് തികയാത്തവരുമായ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരെയും എസ്.എസ്.എൽ.സി. പാസ്സായവരില്ലാത്ത പക്ഷം വർക്കർമാരായി നിയമിക്കുന്നതിന് തീരുമാനിച്ചു.

7. അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ നിയമനത്തിൽ പി.എസ്.സി. നിയമനത്തിൽ സ്വീകരിക്കുന്നതുപോലെ സംവരണം നടപ്പിലാക്കി.

8. അംഗൻവാടി ഹെൽപ്പർമാർക്ക് അവാർഡ് പദ്ധതി ഏർപ്പെടുത്തി. ഒരാൾക്ക് 3000 രൂപ വീതം 37 പേർക്ക് അവാർഡ് നൽകി.

9. അംഗൻവാടി കേന്ദ്രങ്ങൾക്കുള്ള വാടക കേന്ദ്ര സർക്കാർ 01.02.2007 മുതൽ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പ്രദേശങ്ങളിൽ 200/- രൂപയായും നഗര പ്രദേശങ്ങളിൽ 750/- രൂപയായും വർദ്ധിപ്പിച്ചു.

10. വാടകയിനത്തിൽ കൂടുതലായി വേണ്ടി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ അനുമതി നല്കി.

11. അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| | | 12. സുനാമി ബാധിത പ്രദേശങ്ങളിലെ 313 അംഗൻവാടി കെട്ടിടങ്ങൾ പണിയുന്നതിനും ടി അംഗൻവാടികൾക്ക് അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ടി 12.49 കോടി രൂപ അനുവദിച്ചു.<br>13. അംഗൻവാടികളിലെ പാഠ്യപദ്ധതി പരിഷ്കരിച്ച് പ്രീ സ്കൂൾ കരിക്കുലം ഏർപ്പെടുത്തി.<br>14. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സെലക്ഷൻ കമ്മിറ്റി ബ്ലോക്കടിസ്ഥാനത്തിൽ രൂപീകരിച്ചു.<br>15. സർക്കാർ സ്കൂളുകളിൽ അംഗൻവാടികൾ മാറ്റി പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചു.<br><br>16. ടേക്ക് ഹോം റേഷൻ സ്ട്രാറ്റജിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഫുഡ് സപ്ലിമെന്റിന്റെ വില 35/-രൂപയിൽ നിന്നും 40/- രൂപയായി വർദ്ധിപ്പിക്കുന്നതിനും ട്രാൻസപോർട്ടേഷൻ ചാർജ്ജ് പ്രത്യേകമായി നല്കുന്നതിനും തിരുമാനിച്ചു.<br><br>17. അംഗൻവാടികൾ വിഭവ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 324 അംഗൻവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നല്കി അംഗൻവാടി കേന്ദ്രങ്ങളുടെ പദവി ഉയർത്തുകയുണ്ടായി.<br>18. 6746 അംഗൻവാടികൾക്ക് ഫർണിച്ചറുകളും പാത്രങ്ങളും വാങ്ങുന്നതിന് 5000 രൂപ വീതം 3.37 കോടി രൂപ നൽകി. അംഗൻവാടികളിൽ മരുന്ന് കിറ്റ് വിതരണം ചെയ്യുന്നതിന് 1.92 കോടി രൂപ അനുവദിച്ചു. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. | ബി) സംസ്ഥാനത്ത് ഇപ്പോൾ 32189 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. |

| | | |
|---|---|---|
| സി) | അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | സി)<br>1. അംഗൻവാടി ജീവനക്കാരുടെ ക്ഷേമത്തിനായി അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് എന്ന പേരിൽ ക്ഷേമ നിധി രൂപീകരിച്ച് 1993 മുതൽ പ്രവർത്തിച്ചു വരുന്നു. 4/2003 മുതൽ ക്ഷേമ നിധിയിലേക്ക് വർക്കറുടെ വിഹിതമായി 30 രൂപയും ഹെൽപ്പറുടെ വിഹിതമായി 15 രൂപയുമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ വിഹിതം ജീവനക്കാരുടെ വിഹിതത്തിന് തുല്യമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ നിന്നും വൈദ്യസഹായമായി 5000/- രൂപവരെയും മരണാനുകൂല്യമായി 10,000/- രൂപവരെയും നൽകുന്നു. പിരിഞ്ഞു പോകുന്നവർക്ക് അടച്ച തുക, സംസ്ഥാന വിഹിതവും പലിശയും ചേർത്തു നല്കുന്നു. മക്കളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനമായി 500, 300, 200 രൂപ ക്രമത്തിൽ നല്കുന്നു. ഇതിനു പുറമേ ഭവന നിർമ്മാണ വായ്പ, വിവാഹ വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവയും നല്കുന്നു.<br>2. അംഗൻവാടി കാര്യകർത്രി ബീമായോജന:<br>കേന്ദ്ര സർക്കാരും എൽ.ഐ.സി.യും ചേർന്ന് ആരംഭിച്ചിട്ടുള്ള ഈ പദ്ധതി 1..4..2004 മുതൽ സംസ്ഥാനത്തും നടപ്പിലാക്കി വരുന്നുണ്ട്. ജീവനക്കാരുടെ വിഹിതമായി 80/- രൂപ നിശ്ചയിച്ചിട്ടുണ്ടെങ്കിലും 1..4..2007 മുതൽ രണ്ടു വർഷത്തേയ്ക്ക് ഈ തുക എൽ.ഐ.സി. അടയ്ക്കുന്നതാണ്. 16നും 59നും ഇടയിൽ പ്രായമുള്ളവരാണ് ഇതിലെ അംഗങ്ങൾ. സ്വാഭാവിക മരണം നേരിടുന്ന അംഗത്തിന് 30,000/- രൂപയും അപകടം മൂലമുള്ള മരണമോ സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ നേരിട്ടാൽ 75,000/- രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500/- രൂപയും സ്ത്രീകളുടെ വിവിധയിനം ക്യാൻസർ ചികിത്സക്കായി 20,000/- രൂപയും നല്കുന്നു. ഇതിനു പുറമേ അംഗങ്ങളുടെ 2 കുട്ടികൾക്ക് 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പഠനത്തിന് ഒരു വർഷം |

| | | |
|---|---|---|
| | | 1200/- രൂപ വീതം സ്കോളർഷിപ്പായും നല്കുന്നു. <br> 3. ക്ഷേമനിധി വഴി എൽ.ഐ.സി/എസ്.ബിറ്റിയുമായി ചേർന്ന് പെൻഷൻ നല്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.135 | 27.06.2008 -ൽ മറുപടിയ്ക്ക് |
|---|---|

### വികലാംഗരുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എം.കെ. പുരുഷോത്തമൻ:<br>ശ്രീ. സാജു പോൾ: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗരുടെ ക്ഷേമത്തി നായി നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണ്; | (എ) | വികലാംഗർക്കായി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി നടത്തുന്നക്ഷേമ പ്രവർത്തനങ്ങൾ താഴെ പറയു ന്നവയാണ്.<br>1. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.<br>2. ഒന്നാം ക്ലാസ്സുമുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.<br>3. അന്ധരും അസ്ഥി സംബന്ധമായ വൈകല്യമുള്ള തുമായ അഭിഭാഷകർക്ക് സഹായം നൽകുന്നു<br>4 ഇന്റർവ്യൂ എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജ രാകുന്ന വികലാംഗർക്ക് യാത്രാബത്ത അനുവ ദിക്കുന്ന പദ്ധതി.<br>5. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസി കൾക്ക് ഗ്രാന്റ്.<br>6. വികലാംഗ ദുരിതാശ്വാസനിധി സഹായം.<br>7. വികലാംഗ തിരിച്ചറിയൽ കാർഡ് വിതരണം.<br>8. വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകുന്ന പദ്ധതി.<br>9. വികലാംഗർക്കായി പ്രവർത്തിക്കുന്ന വൊ ക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ. |

<u>വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.</u>

1 വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങളുടെ വിതരണം.

2. സ്വയം തൊഴിൽ വായ്പ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി).

3. മോട്ടോറൈസ്ഡ് ട്രൈസൈക്കിളിനുള്ള സബ്സിഡി.

4. വൈകല്യമുള്ളവർക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്.

5. വൈകല്യമുള്ളവർക്ക് വേണ്ടി മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗ് കം-ഗൈഡൻസ്.

6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം.

7. ചായ - കാപ്പി വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാനുള്ള സബ്സിഡി.

8. സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

9. വികലാംഗരായ പെൺകുട്ടികൾക്കുള്ള വിവാഹ സഹായം.

10. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള NHFDC വായ്പ.

11. തികച്ചും അംഗവൈകല്യമുള്ള പെൺകുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി.

12. കേന്ദ്ര സഹായത്തോടെ ദേശീയ വികലാംഗ പുനരധിവാസ പദ്ധതി.

<u>വികലാംഗരുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ വകുപ്പിൽ 2 തരം പദ്ധതികളാണ് നിലവിലുള്ളത്.</u>

1. സംയോജിത വിദ്യാഭ്യാസ പദ്ധതി.
2. സ്പെഷ്യൽ സ്കൂൾ സൗകര്യങ്ങൾ.

| | | | |
|---|---|---|---|
| (ബി) | വികലാംഗരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിശദമാക്കുമോ; | (ബി) | 1. <u>ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.</u><br>സംസ്ഥാനത്തെ സന്നദ്ധ സംഘടനകൾ നടത്തുന്ന സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. 21 വയസിന് താഴെ പ്രായമുള്ളവരും കുടുംബ വാർഷിക വരുമാനം 24,000/- രൂപയിൽ കവിയാത്തവരുമായ ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾക്ക് പ്രതിമാസം സ്കോളർഷിപ്പ് ആയി 75/- രൂപയും പാഠ്യോപകരണങ്ങൾ, വസ്ത്രം എന്നിവ വാങ്ങാൻ പ്രതിവർഷം 150/- രൂപയും അനുവദിക്കുന്നു.<br><br>2. <u>ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.</u><br>വാർഷിക കുടുംബ വരുമാനം 36,000/- രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% മോ അതിൻ മുകളിലോ മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്. സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്നവർക്കും, പ്രൊഫഷണൽ കോഴ്സ്, ടെക്നിക്കൽ ട്രെയിനിംഗ് മേഖലകളിൽ വിദ്യാഭ്യാസം നടത്തുന്നവർക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്. 1 മുതൽ 4 വരെ പഠിക്കുന്നവർക്ക് പ്രതിമാസം 100/- രൂപയും 5 മുതൽ 10 വരെ പഠിക്കുന്നവർക്ക് 125/- രൂപയും പ്ലസ് 1, പ്ലസ് 2, ഐ.റ്റി.ഐ. കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 150/- രൂപയും ബി.എ., ബി.എസ്.സി., ബി.കോം, എല്ലാ ഡിഗ്രി കോഴ്സുകൾ, പോളിടെക്നിക്ക്, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾക്ക് 175/- രൂപയും പ്രൊഫഷണൽ കോഴ്സുകൾ, പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ BE/B.Tech/ MBBS/LLB/ BED., MA, MSc, MCom, LLM, MEd, മുതലായവയ്ക്ക് 250/- രൂപയും |

| | | | |
|---|---|---|---|
| | | | വീതമാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. കൂടാതെ അന്ധ വിദ്യാർത്ഥികൾക്ക് ഒന്നാം ക്ലാസ് മുതൽ പ്ലസ് 2 വരെ പ്രതിമാസം 50/- രൂപയും ബി.എ, ബി.എസ്.സി. മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ 100/- രൂപയും റീഡേഴ്സ് അലവൻസ് നൽകിവരുന്നു. അസ്ഥി വൈകല്യം ബാധിച്ച വിദ്യാർത്ഥികൾക്ക് യാത്രാബത്തയായി പ്രതിമാസം 100/- രൂപയും നൽകുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, റീഡേഴ്സ് അലവൻസ്, സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അലവൻസ് എന്നിവ നല്കിവരുന്നു. സ്പെഷ്യൽ സ്കൂൾ സമ്പ്രദായത്തിൽ മെസ്സ് അലവൻസ് (ബോർഡിംഗ് ഗ്രാന്റ്) ഡ്രെസ്സ് അലവൻസ്, സ്കൂൾ റിക്വിസിറ്റ്സ്, മെഡിക്കൽ അലവൻസ് മുതലായവ നല്കിവരുന്നു. |
| (സി) | വികലാംഗർക്കായി തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | വികലാംഗർക്കായി തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇവിടെ വികലാംഗർക്കായി Book Binding, Leather Works, Tailoring and Embroidery, Computer Training in Data Entry, Computer Hardware, DCA എന്നീ കോഴ്സുകൾ നടത്തി വരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | പരിശീലനം നേടിയവർക്ക് സ്വയം തൊഴിൽ ആരംഭിക്കാൻ സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ പരിശീലനം നേടിയവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന രണ്ടു തരം സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം വായ്പ സഹായം ലഭ്യമാക്കുന്നുണ്ട്. |

Mary Melanie Netto

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *136 — 27.06.2008-ൽ മറുപടിക്ക്

## കേരള മൈനർ മിനറൽ കൺസെഷൻ നിയമഭേദഗതി

ചോദ്യം
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം
ശ്രീ.എളമരം കരീം
ബഹു.വ്യവസായ വകുപ്പ് മന്ത്രി

| | |
|---|---|
| (എ) 1967-ൽ രൂപം നൽകിയ കേരള മൈനർ മിനറൽ കൺസെഷൻ നിയമത്തിൽ മാറ്റം വരുത്തി പുതിയ വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; | (എ) നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) എന്തൊക്കെ മാറ്റങ്ങളാണ് പുതിയ വിജ്ഞാപനത്തിൽ വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഭേദഗതികൾ താഴെ പറയും പ്രകാരമാണ്: കരിങ്കല്ല്, വെട്ടുകല്ല് എന്നീ ധാതുക്കളുടെ ഖനനത്തിനായി 1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ നിലവിലുള്ള വ്യവസ്ഥകൾ സുതാര്യവും, സുഗമവുമായ നടത്തിപ്പിനു വേണ്ടി ലളിതവൽക്കരിക്കുന്നതിന്റെ ഭാഗമായി നിയമം ലഘൂകരിച്ചു കൊണ്ട് കൺസോളിഡേറ്റഡ് റോയൽറ്റി പേമെന്റ് (സി.ആർ.പി). സിസ്റ്റം നടപ്പിൽ വരുത്തികൊണ്ട് 2008 മാർച്ച് 12 ലെ എസ്.ആർ.ഒ. നമ്പർ 270/2008, അസാധാരണ ഗസറ്റ് വാല്യം 53 നമ്പർ 509 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. നിലവിലുള്ള ക്വാറിയിങ് പെർമിറ്റ് രീതിയെ ലഘൂകരിച്ച്, 5 ആർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്ത് കരിങ്കൽ ഖനനം ചെയ്യുന്നതിനു പ്രതിവർഷം 15,000/- രൂപയും, 5 ആർ മുതൽ 10 ആർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്ത് കരിങ്കൽ ഖനനം ചെയ്യുന്നതിന് പ്രതിവർഷം 25,000/- രൂപയും 10 ആർ മുതൽ 15 ആർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്ത് ഖനനം ചെയ്യുന്നതിന് പ്രതിവർഷം 50,000/- രൂപയും, 15 ആറിനു മുകളിൽ വിസ്തീർണ്ണമുള്ള സ്ഥലത്ത് ഖനനം ചെയ്യുന്നതിനു പ്രതിവർഷം ഒരു ലക്ഷം |

| | |
|---|---|
| | രൂപയും റോയൽറ്റിയായി നിശ്ചയിച്ചു. ഇവ നീക്കം ചെയ്യുന്നതിന് യഥാക്രമം 300, 600, 1500, 4000 'പി' ഫാറം അനുവദിയ്ക്കാനും നിശ്ചയിച്ചു.<br><br>കൂടാതെ 10 ആർ വരെ വിസ്തീർണ്ണമുളള സ്ഥലത്ത് വെട്ട്കല്ല് ഖനനം ചെയ്യുന്നതിന് പ്രതിവർഷം 10,000/- രൂപയും 10 ആർ മുതൽ 20 ആർ വരെ വിസ്തീർണ്ണമുളള സ്ഥലത്ത് ഖനനം ചെയ്യുന്നതിന് പ്രതിവർഷം 25,000/- രൂപയും, 20 ആർ മുതൽ 30 ആർ വരെ വിസ്തീർണ്ണമുളള സ്ഥലത്ത് ഖനനം ചെയ്യുന്നതിന് പ്രതിവർഷം 50,000/- രൂപയും, 30 ആറിൽ കൂടുതൽ വിസ്തീർണ്ണമുളള സ്ഥലത്ത് ഖനനം ചെയ്യുന്നതിനു പ്രതിവർഷം ഒരു ലക്ഷം രൂപയും റോയൽറ്റിയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇവ നീക്കം ചെയ്യുന്നതിന് യഥാക്രമം 300, 600, 1500, 4000 പി. ഫാറം അനുവദിയ്ക്കാനും നിശ്ചയിച്ചു.<br><br>ക്രഷർ യൂണിറ്റ് ഇല്ലാത്ത ക്വാറിയിംഗ് ലീസ് ഉളള വ്യക്തികൾക്കു .സി.ആർ.പി. സിസ്റ്റം (കൺസോളിഡേറ്റഡ് റോയൽറ്റി പേമെന്റ് സിസ്റ്റം) സ്വീകരിയ്ക്കാമെന്ന റൂൾ 17(1) (എ) ചട്ടങ്ങളിൽ ഭേദഗതിവരുത്തിയിട്ടുണ്ട്.<br><br>റൂൾ 8 (1) (എ) പ്രകാരം കരിങ്കൽ ഖനനം ചെയ്യുന്ന ക്വാറിയുടെ ആഴം 20 അടിയായി നിശ്ചയിച്ചിരുന്നു. ഇത് പുതിയ ഭേദഗതിയിലൂടെ നീക്കം ചെയ്തിട്ടുണ്ട്.<br><br>റൂൾ 8(1)(ഇ) പ്രകാരം കരിങ്കൽ ഖനനം ചെയ്യുന്നതിനു ജാക്ക്ഹാമർ ഉപയോഗിയ്ക്കാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>റൂൾ 9(1) പ്രകാരം ക്വാറിയിംഗ് ലീസിനു വേണ്ടി അപേക്ഷ നൽകിയിട്ടുളളവർക്ക് പെർമിറ്റ് നൽകുവാൻ പാടില്ല എന്ന ചട്ടം നീക്കംചെയ്തു.<br><br>റൂൾ 29(1)(സി) പ്രകാരം നിലവിലുളള ക്വാറിയിംഗ് ലീസ് ഉടമകൾ സി.ആർ.പി.സിസ്റ്റം തിരഞ്ഞെടുക്കുമ്പോൾ ഷെഡ്യൂൾ അഞ്ചിലെ പരമാവധി കൺസോളിഡേറ്റഡ് റോയൽറ്റി തുകയായ 1,00,000 രൂപ ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി.<br><br>റൂൾ 48(കെ) പ്രകാരം ധാതു ഗതാഗതം |

| | |
|---|---|
| | നടത്തുന്ന വാഹനം പരിശോധിക്കുന്ന സമയത്ത് തന്നെ പൂർണ്ണമായും പൂരിപ്പിച്ച 'പി' ഫാറം ഹാജരാക്കണമെന്നുകൂടി ഭേദഗതി ചെയ്തിട്ടുണ്ട്.<br><br>റൂൾ 48(വൈ) പ്രകാരം രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റിൽ നിന്നും നീക്കം ചെയ്യുന്ന ഗ്രാനൈറ്റ് മെറ്റലിന് 'പി' ഫാറം നിർബന്ധമാക്കിയിട്ടുണ്ട്.<br><br>റൂൾ 58(2)ൽ അനധികൃതമായി ചെറുകിട ധാതു ഖനനംചെയ്ത് നീക്കം ചെയ്താൽ ധാതുവിന്റെ വിലയും കൂടി ഈടാക്കുന്ന നിബന്ധന ഉണ്ടായിരുന്നത് നീക്കം ചെയ്തു. കൂടാതെ സർക്കാർ ഭൂമിയിൽ ചെറുകിട ധാതു അനധികൃതമായി ഖനനംചെയ്തു നീക്കം ചെയ്താൽ ധാതുവിന്റെ റോയൽറ്റിക്കു പുറമേ സീനിയറേജ് കൂടി ഈടാക്കുന്നതാണെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി. സി.ആർ.പി സിസ്റ്റപ്രകാരം പെർമിറ്റ് എടുക്കുന്നവർ ഖനനത്തിനായി അനുവദിച്ച സ്ഥലപരിധി ലംഘിക്കുകയാണെങ്കിൽ അടച്ച റോയൽറ്റിക്ക് പുറമേ തൊട്ടടുത്ത സ്ലാബിലേയ്ക്കുള്ള കൺസോളിഡേറ്റഡ് റോയൽറ്റിയും ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി |
| *(സി) കരയിൽ നിന്നും 10 മീറ്റർ മാത്രം മാറി മണലും കരിമണ്ണും മറ്റും യഥേഷ്ടം ഖനനം ചെയ്യാൻ പ്രസ്തുത നിയമം സഹായകമാകുമെന്നു കരുതുന്നുണ്ടോ;* | (സി) 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 29 സബ് റൂൾ (1) (i) പ്രകാരം നദീതീരത്തുനിന്നും മണൽ ഒഴികെ മറ്റു ധാതുക്കൾ ഖനനം ചെയ്യുമ്പോൾ 50 മീറ്റർ ദൂര പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടി റൂളിൽ രണ്ടാം ഖണ്ഡിക പ്രകാരം മണൽ ഖനനത്തിന് ടി ദൂരപരിധി ഒഴിവാക്കിയിരുന്നു. വ്യക്തമായ ദൂരപരിധി നിശ്ചയിച്ചിരുന്നില്ല. ആയതിനാൽ ഭേദഗതിചെയ്ത പ്രസ്തുത നിയമത്തിലെ ഫാറം 'യു' വിൽ രണ്ടാമത്തെ ഉപാധിയിൽ മണലും ചെളിയും ഖനനം ചെയ്യുന്നതിന് 10 മീറ്റർ ദൂര പരിധി നിശ്ചയിച്ചു. എന്നാൽ ചർച്ചകൾക്കും ക്രിയാത്മകമായ വിമർശനങ്ങളുടെ പരിഗണിയയ്ക്കും ശേഷം ടി ഉപാധി 17/6/2008 ലെ ജി.ഒ (ആർ.റ്റി) നമ്പർ 590/08/വ്യവ. പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. കൂടാതെ ഈ പുതിയ ഭേദഗതി റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| *(ഡി) നദികളെ പൂർണ്ണമായും നശിപ്പിക്കാൻ സാദ്ധ്യതയുള്ളതാണ് ഈ ഉത്തരവ് എന്ന ആക്ഷേപം* | ഉണ്ട്. പത്രമാധ്യമങ്ങളുടെ പ്രതികരണം ശ്രദ്ധയിൽ പെട്ടതിനെതുടർന്ന് ടി ഉപാധികൾ 17/6/2008 ലെ ജി.ഒ(ആർ.റ്റി) നമ്പർ. 590/08/വ്യവ. പ്രകാരം സ്റ്റേ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. ഇഷ്ടിക |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ചെളിക്കും സാധാരണ മണലിനും ദൂര പരിധി 10 മീറ്ററായി നിശ്ചയിച്ചിട്ടുള്ള ഫാറം 'യു' ലെ വ്യവസ്ഥ 2 ലെ രണ്ടാം ഖണ്ഡികയിലെ 2-ാം ഭാഗവും, റൂൾ 8(1) (എ)യിലെ ക്വാറിയിംഗ് പെർമിറ്റ് നൽകുന്ന സ്ഥലത്തിന്റെ ആഴം 20 അടിയായി നിജപ്പെടുത്തിയിരുന്ന വ്യവസ്ഥ ഒഴിവാക്കിയ ഭേദഗതിയും സ്റ്റേ ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ട്. വെട്ടുകല്ല്, കരിങ്കല്ല് എന്നിവ ഖനനം ചെയ്യുന്ന സംഗതിയിൽ ക്വാറിയുടെ ആഴം സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിലെ നിയമ വ്യവസ്ഥകൾ പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) ഈ ഭേദഗതി ഉത്തരവു മൂലമുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | കരിങ്കല്ല്, വെട്ടുകല്ല് എന്നീ ധാതുക്കൾക്ക് ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച ഭേദഗതി, ഖനന പ്രവർത്തനങ്ങൾ സുതാര്യവും, സുഗമവും ആക്കുന്നതിലേക്ക് സഹായകമാകും<br><br>വികസനവും ജനസാന്ദ്രതയും മൂലം ഖനനത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതകുറഞ്ഞ് വരുന്നതു കാരണം ഖനനാനുമതി നൽകുന്ന സ്ഥലത്തുള്ള ധാതു പരമാവധി ഉപയോഗപ്പെടുത്തുന്നതിലേ ക്കായി 8(1) ലെ വ്യവസ്ഥയിൽ ആഴപരിധി ഒഴിവാക്കേണ്ടതായ സാഹചര്യം ഉടലെടുക്കുകയുണ്ടായിട്ടുണ്ട്. ആയത് മൂലമാണ് നിയമം ഭേദഗതി ചെയ്തപ്പോൾ ആഴപരിധി ഒഴിവാക്കിയത്. എന്നാൽ തുടർന്നുണ്ടായ പ്രതിഷേധം പരിഗണിച്ച് പ്രസ്തുത ഭേദഗതി 17/6/2008 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 590/08/വ്യവ. പ്രകാരം സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്. നിലവിലുണ്ടായിരുന്ന നിയമത്തിൽ യന്ത്രങ്ങൾ ഖനനത്തിനായി ഉപയോഗിക്കാം എന്ന് വ്യക്തമാക്കിയിട്ടില്ലാ ത്തതിനാൽ ഖനന പ്രവർത്തനങ്ങൾക്ക് ആവശ്യമായ 'ജാക്ക് ഹാമ്മർ' , 'പമ്പ്' എന്നിവ ഉപയോഗിക്കാം എന്ന കാര്യം റൂൾ 8 (ഇ) ആയി ഉൾപ്പെടുത്തുകയുണ്ടായി.<br><br>ക്വാറി പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി ക്വാറിയിംഗ് ലീസിന് അപേക്ഷ ലഭിച്ച സ്ഥലത്ത് ലൈസൻസ് നിലവിൽ വരുന്നതിനുള്ള കാലദൈർഘ്യം.. കണക്കിലെടുത്തും ക്വാറിയിങ് ലീസ് അനുവദിച്ച സ്ഥലത്ത് ലീസിന്റെ കാലഹരണശേഷവും സി.ആർ.പി. സിസ്റ്റത്തിലുള്ള പെർമിറ്റുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതിലേക്ക് നിലവിലുണ്ടായിരുന്ന |

| | |
|---|---|
| | ചട്ടം 9(1) നീക്കം ചെയ്യുകയുണ്ടായി.<br><br>മെറ്റൽ ക്രഷർ യൂണിറ്റുള്ള ക്വാറിയിങ് ലീസ് ഉടമകൾക്ക് സി.ആർ.പി. സിസ്റ്റം തെരഞ്ഞെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. സർക്കാർ ഖജനാവിലേക്ക് റവന്യൂ നഷ്ടം ഉണ്ടാകുവാനുള്ള സാദ്ധ്യത കണക്കിലെടുത്താണ് ചട്ടം 17(1)(എ) പുതുതായി ഉൾപ്പെടുത്തിയത്.<br>സർക്കാർ ഖജനാവിലേയ്ക്കുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി നിലവിൽ ക്വാറിയിങ് ലീസുള്ളവർ സി.ആർ.പി.സിസ്റ്റം തെരഞ്ഞെടുക്കുമ്പോൾ ഉയർന്ന സ്ലാബായ 1,00,000/- രൂപ വാർഷികമായി ഒടുക്കേണ്ടതാണെന്ന വ്യവസ്ഥ ചട്ടം 29(1)(സി) യിൽ പുതുതായി ഉൾപ്പെടുത്തി കാര്യക്ഷമമായ നിയമ നടത്തിപ്പിനായി ധാതുകടത്തുമായി ബന്ധപ്പെട്ട ചട്ടം 48(കെ) പരിഷ്കരിക്കുകയുണ്ടായി. റൂൾ 58(2) അനുസരിച്ച് അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ വില, ടാക്സ്, റോയൽറ്റി എന്നിവ ഈടാക്കുന്നതിനായുള്ള വ്യവസ്ഥ മൂലം സാധാരണക്കാരായ ക്വാറി ഉടമകൾക്ക് ക്വാറി അളന്ന് തിട്ടപ്പെടുത്തി അധികമായി നീക്കം ചെയ്ത ധാതുവിന്റെ വിലയായി വൻ തുക ഒടുക്കുവാനുള്ള ബാദ്ധ്യത ഉണ്ടാവുകയും ഇത് മൂലമുണ്ടാകുന്ന നിരവധി അപ്പീൽ പെറ്റീഷനുകളും, കോടതി കേസുകളും തീർപ്പാകാതെ നിലനിൽക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്തിട്ടുണ്ട്. തന്മൂലമുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി ചട്ടം 58(2) ൽ ധാതുവിന്റെ വില ഈടാക്കുന്ന വ്യവസ്ഥ ഒഴിവാക്കി. കൂടാതെ സർക്കാർ ഭൂമിയിൽ നിന്നും അനധികൃതമായി നീക്കം ചെയ്ത ധാതുവിന് സീനിയറേജ് കൂടി ഈടാക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തി.<br><br>സി.ആർ.പി സിസ്റ്റം പ്രകാരം അനുവദിച്ച ക്വാറിയിങ് പെർമിറ്റ് ഉടമകൾ സ്ഥലപരിധി ലംഘിക്കുന്നത് കർശനമായി തടയുന്നതിലേയ്ക്ക് അവരിൽ നിന്നും പ്രസ്തുത സിസ്റ്റത്തിലെ അടുത്ത സ്ലാബ് പ്രകാരമുള്ള കൺസോളിഡേറ്റഡ് റോയൽറ്റി തുക കൂടി ഈടാക്കുന്നതിനുള്ള വ്യവസ്ഥയും കൂടി പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തി. ധാതുകടത്തിനായി നിലവിലുള്ള ഫോറം 'പി'യിൽ ഖനന സ്ഥലത്തിന്റെ വിവരങ്ങൾ, ലൈസൻസിന്റെ കാലാവധി, ധാതു നീക്കം |

| | |
|---|---|
| | ചെയ്യുന്ന തീയതിയും സമയവും അക്ഷരത്തിൽ രേഖപ്പെടുത്തണമെന്ന പരിഷ്കരണവും ഉൾപ്പെടുത്തി. 'പി'.ഫോറത്തിന്റെ ദുരുപയോഗം തടയുന്നതിലേയ്ക്കും തന്മൂലം ഉണ്ടാകുന്ന റവന്യൂ നഷ്ടം ഒഴിവാക്കുന്നതിലേക്കും വേണ്ടിയാണ് ഈ പരിഷ്കാരം നടപ്പിൽ വരുത്തിയത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137 | 27.6.2008 ൽ മറുപടിക്ക് |
|---|---|

## സർക്കാർ ആശുപത്രികളിലെ മരുന്നുവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബുപോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. രാജു<br>ശ്രീ. രാജാജി മാത്യുതോമസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| **എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്നുകളുടെ സംഭരണ- വിതരണത്തി** നായി നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാം; | എ) 2008 മാർച്ച് 31 വരെ നിലവിലുണ്ടായിരുന്ന സമ്പ്രദായമനുസരിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേനയാണ് മരുന്നുകളുടെ സംഭരണ-വിതരണം നടത്തിയിരുന്നത്. സർക്കാർ ഉത്തരവ് (പി) നം. 267/04/ആ.കു.വ തീയതി 7.10.04 പ്രകാരം അംഗീകരിച്ച 600-ൽപ്പരം മരുന്നുകൾക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്ന് ടെണ്ടർ വിളിക്കുകയും അവയിൽ നിന്ന് തെരഞ്ഞെടുത്ത ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത കമ്പനികളെ വിതരണത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ തെരഞ്ഞെടുത്ത കമ്പനികളുടെ സെലക്ട് ചെയ്ത ഉൽപ്പന്നങ്ങൾ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ഈ പരിശോധനയിൽ സ്വീകാര്യമാണെന്നു തെളിയുന്ന കമ്പനികളുടെ ഉൽപ്പന്നങ്ങൾ അവസാന ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസ്തുത കമ്പനികളുമായി വീണ്ടും വിലപേശൽ നടത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് വിതരണക്കാരുടെ അവസാന ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു.<br>ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന ജില്ലാ മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ കോളേജ് ആശുപത്രികളിലുണ്ടായിരുന്ന മെഡിക്കൽ സ്റ്റോറുകൾ എന്നിവ വഴിയാണ് മരുന്ന് സംഭരിച്ച് വിതരണം നടത്തിയിരുന്നത്. ആവശ്യകതയനുസരിച്ച് അതാതു സ്ഥാപനങ്ങൾ ഒരു വർഷത്തേക്ക് വേണ്ടി തയ്യാറാക്കി നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി യിരുന്ന ഇൻഡന്റ് അടിസ്ഥാനപ്പെടുത്തിയാണ് ഒരു വർഷത്തിൽ 4 ഘട്ടങ്ങളിലായി മരുന്ന് വിതരണം ചെയ്യുന്നതിന് ഓർഡർ നൽകിയിരുന്നത്. |

| | |
|---|---|
| ബി) മരുന്നുകളുടെ സംഭരണത്തിനും വിതരണത്തിനുമായി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. പുതിയ സംവിധാനം അനുസരിച്ച് സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന്, ചികിത്സാ സാമഗ്രികൾ, ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നത് പുതുതായി രൂപീകരിച്ച കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ്. മരുന്നുകളുടെ ഇൻഡൻറ് തയ്യാറാക്കൽ, ടെണ്ടറിംഗ്, സംഭരണം, വിതരണം ഗുണനിലവാര പരിശോധന, ബിൽ പാസാക്കൽ എന്നിവ കമ്പ്യൂട്ടർ സംവിധാനത്തിലൂടെയാണ് കോർപ്പറേഷൻ നിർവ്വഹിക്കുന്നത്. സുതാര്യവും, ഫലപ്രദവും, ചെലവ് കുറഞ്ഞതുമായ ഈ സംവിധാനത്തിലൂടെ മിതമായ ചെലവിൽ ഗുണമേൻമയുള്ള മരുന്നും, ചികിത്സാ സാമഗ്രികളും സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നു. |
| സി) സർക്കാർ ആശുപത്രികളിൽ മുടക്കം കൂടാതെ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ എത്തിച്ചു കൊടുക്കുന്നതിനും രോഗികൾക്ക് വിതരണം ചെയ്യുന്നതിനും ആവശ്യമായ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) സർക്കാർ ആശുപത്രികളിൽ മുടക്കം കൂടാതെ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ എത്തിച്ചുകൊടുക്കുന്നതിനും രോഗികൾക്ക് വിതരണം ചെയ്യുന്നതിനും 2 രീതിയിലുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആവശ്യമായ മരുന്നുകൾ ജൂൺ മാസത്തോടെ എല്ലാ ആശുപത്രികളിലും എത്തിക്കുന്നതിനുള്ള അടിയന്തിര നടപടി.<br>2. മൂന്നുമാസത്തേക്ക് ആവശ്യമായ മരുന്നുകൾ ആശുപത്രികളുടെ വാർഷിക ഇൻഡൻറിൻെറ അടിസ്ഥാനത്തിൽ നിശ്ചിത വിതരണ ഷെഡ്യൂളുകളിൽ പ്പെടുത്തി വിതരണം ചെയ്യുന്നതിനുള്ള നടപടി.<br><br>മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് മാസത്തിൽ 3 പ്രാവശ്യവും ജനറൽ/ജില്ലാ ആശുപത്രികൾക്ക് മാസത്തിൽ 2 പ്രാവശ്യവും താലൂക്ക് ആശുപത്രികൾ/ ബി.പി.എച്ച്.സി/ സി.എച്ച്.സി./പി.എച്ച്.സി എന്നിവകൾക്ക് മാസത്തിൽ ഒരു പ്രാവശ്യവും മിനി പി.എച്ച്.സി.കൾക്ക് മൂന്നു മാസത്തിലൊരിക്കലും മരുന്നു വിതരണം ചെയ്യുന്നതാണ് നിലവിലുള്ള വിതരണ ഷെഡ്യൂൾ. മരുന്നു വിതരണത്തിനായി ആരോഗ്യ വകുപ്പിൻെറ വാഹനങ്ങൾ ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138 | 27.6.2008 ൽ മറുപടിക്ക് |
|---|---|

### നഴ്സിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജോർജ്ജ് എം. തോമസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) നഴ്സുമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) നഴ്സുമാരുടെ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് അവ യഥാസമയം പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുകയും ചെയ്തുവരുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ പി.എസ്.സി. യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്നതുവരെ ബോണ്ടഡ് നഴ്സുമാരെയും എൻ.ആർ.എച്ച്.എം. മുഖേനയുള്ള നഴ്സുമാരെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്. കൂടാതെ ജനറൽ നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളെ ആശുപത്രികളിൽ ഇന്റേൺഷിപ്പിന് നിയോഗിച്ചും നഴ്സുമാരുടെ ദൗർലഭ്യം പരിഹരിക്കുന്നുണ്ട്. |

| | |
|---|---|
| ഈ സർക്കാർ അധികാരമേറ്റശേഷം നഴ്സിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴയിലും തൃശ്ശൂരിലും നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുകയും പാലക്കാട്ടും എറണാകുളത്തും കാസർഗോഡും നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തു. നഴ്സിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2008-09 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 15 നഴ്സിംഗ് സ്കൂളുകളിൽ 354 വിദ്യാർത്ഥികൾക്ക് ഓരോ വർഷവും നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകിവരുന്നുണ്ട്. പദ്ധതി ഇനത്തിൽ ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് നഴ്സിംഗ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ളിക് ഹെൽത്ത് ട്രെയ്നിംഗ് സെന്ററുകളിൽ ഓരോന്നിലും 45 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പ്രവേശനം നൽകിവരുന്നു. |
| | സംസ്ഥാനത്ത് ആരോഗ്യ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സൂപ്പർവൈസറി തസ്തികകളായ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ട്, നഴ്സിംഗ് ഓഫീസർ, ജില്ലാ നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകളിൽ യഥാസമയം താൽക്കാലിക പ്രൊമോഷൻ നൽകി നിയമനം നടത്തുന്നുണ്ട്. 2006 മേയ് മാസത്തിന് ശേഷം രണ്ടാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്ക് 288 പേർക്കും ഒന്നാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്ക് 216 പേർക്കും നഴ്സിംഗ് ഓഫീസറായി 73 പേർക്കും ജില്ലാ നഴ്സിംഗ് ഓഫീസറായി 33 പേർക്കും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| സി) പുതുതായി എത്ര നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ മേഖലയിൽ ആലപ്പുഴയിലും തൃശ്ശൂരിലും നഴ്സിംഗ് കോളേജ് സ്ഥാപിച്ചു. പാലക്കാട്ടും എറണാകുളത്തും കാസർഗോഡും നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) നഴ്സിംഗിൽ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) നഴ്സിംഗിൽ ഒമ്പത് സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| ഇ) സ്വകാര്യ നഴ്സിംഗ് സ്കൂളുകളുടെയും കോളേജുകളുടേയും പ്രവർത്തനവും ഗുണനിലവാരവും പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | ഇ) ഗവൺമെൻറ് മേഖലയിലും സ്വകാര്യ മേഖലയിലും പുതുതായി തുടങ്ങിയ നഴ്സിംഗ് സ്കൂളുകളിലും കോളേജുകളിലും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിൻെറയും സംസ്ഥാന നഴ്സിംഗ് കൗൺസിലിൻെറയും അതാത് യൂണിവേഴ്സിറ്റികളുടെയും പരിശോധനകൾ നടത്തിയാണ് അംഗീകാരം നൽകിയത്. തുടർന്ന് ഓരോ അധ്യയന വർഷവും ഇത്തരം പരിശോധനകൾ നടത്താറുണ്ട്. പരിശോധനകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുണ്ടായാൽ അംഗീകാരം പിൻവലിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം:139 — 27.6.2008-ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.എം.കെ.പ്രേംനാഥ്<br>ശ്രീ.കെ.പി.മോഹനൻ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ). പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം തുടങ്ങിയ മേഖലകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ താഴെപ്പറയും വിധമാണ്.<br>**കയർ:-**<br>കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി.യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കി വരികയാണ്. കൂടാതെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി one time settlement നടത്തുന്നതിനുള്ള നടപടി എടുത്തു വരുന്നു. കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുവേണ്ടി മൊത്തം 1982 ലക്ഷം രൂപ 2006-07 വർഷം സംഘങ്ങൾക്ക് അനുവദിച്ചു കഴിഞ്ഞു. ഈ പദ്ധതിക്കു വേണ്ടി 2008-09 വർഷം 400 ലക്ഷം രൂപ സർക്കാർ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2008-09 വർഷം 100 കയർ സഹകരണ മാറ്റ്സ് & മാറ്റിംഗ്സ് |

സംഘങ്ങളുടെ സഞ്ചിത നഷ്ടം എഴുതി തള്ളി അവയെ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ മേഖലയിൽ Purchase Price Stabilization Scheme നടപ്പിലാക്കി വരുന്നു. അധിക കേന്ദ്ര സഹായം ഉപയോഗിച്ചുകൊണ്ട് തൊഴിലാളികൾക്ക് NCRMI യുടെ ആഭിമുഖ്യത്തിൽ വിദഗ്ധ പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു. Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കയർ ഫെഡിന്റെ പുനരുദ്ധാരണത്തിനായി 500 ലക്ഷം രൂപ അനുവദിച്ചു. ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും നടപ്പിലാക്കി വരുന്നു.

**കൈത്തറി**

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയ്ത്തു തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി കണ്ണൂരിൽ ഒന്നും (ഇരിണാവ്) തിരുവനന്തപുരത്ത് രണ്ടും (കളമച്ചൽ, കൈതളി) യാൺ ബാങ്കുകൾ ആരംഭിച്ചു. മേഖലാ ബ്രാന്റുകളുടെ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഭൗമസൂചക ആക്ട് അനുസരിച്ച് കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കുത്താംപള്ളി സാരി ഇവ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ട നടപടികൾ ടെക്സ്റ്റൈൽ കമ്മിറ്റിയുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. സിഫ്റ്റിന്റെ

ശിലാസ്ഥാപനം കണ്ണൂരിൽ നടത്തി. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് ഫാക്ടറി മാതൃകയിലുള്ള സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് നടപടികൾ സ്വീകരിച്ചു. മിനി പ്രീലൂം പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും നെയ്ത്തു തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു. റിബേറ്റ് ഇനത്തിൽ ഹാന്റക്സ്, ഹാൻവീവ് പ്രൈമറി സംഘങ്ങൾ എന്നിവയ്ക്കായി 6 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഹാന്റ്‌വീവിനെയും ഹാന്റക്സിനെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹാന്റ് വീവിന് 4 കോടി രൂപയും ഹാന്റക്സിന് 1.80 കോടി രൂപയും പ്രത്യേക ധനസഹായമായി നൽകിയിട്ടുണ്ട്.

**കശുവണ്ടി**

കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നതിന് അസംസ്കൃത പദാർത്ഥമായ തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കി തുടങ്ങി. CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും 4 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തിപ്പിക്കുന്നതിലേക്കുമായി 6000 തൊഴിലാളികളെ നിയമിച്ചു. ഉത്പാദനക്ഷമത, ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കാപ്പക്സ് ഫാക്ടറികളുടെ നവീകരണത്തിനായി അനുവദിച്ച രണ്ട് കോടി രൂപ ഉപയോഗിച്ച് ആയത് നടപ്പാക്കി വരുന്നു.

**കരകൗശലം:-**

കരകൗശല സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താവിന് വിൽക്കുവാനായി വിവിധ സ്ഥലങ്ങളിൽ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ്

കോർപ്പറേഷൻ എന്നിവ പ്രദർശന വിൽപ്പനമേളകൾ സംഘടിപ്പിച്ച് വരുന്നു. ഈ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട്, അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന പദ്ധതിയിൻ കീഴിൽ 4 കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പിന്നോക്ക വിഭാഗക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. സംസ്ഥാന ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ബാംബൂ ഫെസ്റ്റുകൾ സംഘടിപ്പിക്കുകയും പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ മേഖലയുടെ പുരോഗതിക്കായി കഴിഞ്ഞ വർഷം ഡിസംബർ 16-30 വരെ മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിക്കുകയുണ്ടായി. ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ പെൻഷൻ കൊടുത്തു തുടങ്ങി.

ഓട് വ്യവസായത്തെ കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയുടെ നവീകരണത്തിനും തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഡവലപ്പ്മെന്റ് ആന്റ് ഡെമോൺസ്ട്രേഷൻസ് ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്‌ലി ടെക്നോളജി ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽ സെക്ടർ എന്ന പദ്ധതിക്കായി 23 ലക്ഷം രൂപ അനുവദിച്ചു. ഊർജ്ജ സംരക്ഷണം നടത്തി ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ സ്ഥാപിച്ച് വരുന്നു. തൃശൂർ ജില്ലയിൽ ക്ലസ്റ്റർ അധിഷ്ഠിത വികസന പദ്ധതിയിൽ ടെറാ ടൈൽ കൺസോർഷ്യം ലിമിറ്റഡ് എന്ന സ്ഥാപനം നിലവിൽ വന്നു.

ഖാദി മേഖലയിൽ റിബേറ്റ് ഇനത്തിൽ 5 കോടി രൂപയും തൊഴിലാളികളുടെ

ക്ഷേമനിധിയിലേക്ക് ഒരു കോടി രൂപയും നൽകി. സംസ്ഥാനത്തെ മുഴുവൻ തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവ ബത്ത നൽകി. ഒരു കോടി രൂപ ചെലവ് ചെയ്ത് പഴയ ചർക്കകളും തറികളും മാറ്റുകയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തു. സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുനരുദ്ധാരണ ഗ്രാന്റ് അനുവദിച്ചു. പയ്യന്നൂർ ഖാദി ക്ലസ്റ്റർ രൂപീകരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തി.

ബി. വിദേശ വിപണി ലക്ഷ്യമാക്കി പരമ്പരാഗത വ്യവസായങ്ങൾ പരിഷ്കരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

ബി. കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി പ്രോത്സാഹിപ്പിക്കുന്നതിനായി കയർഫെഡിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അന്തർദേശീയ പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകി വരുന്നു. വിദേശ കമ്പോളത്തിനനുസൃതമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും നൽകി വരുന്നു. ആഗോളതലത്തിലുള്ള ആവശ്യകതകനുസൃതമായി കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആയിട്ടുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി കയർ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

കൈത്തറി

കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി (ഡി.ഇ.പി.എം) കൈത്തറി കയറ്റുമതി പദ്ധതി പ്രകാരം കയറ്റുമതി ഉൽപ്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനും ഭാരത സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു. പ്രോജക്ട് തുകയുടെ 25% ഗുണഭോക്താക്കളായ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാരും 75% ഭാരത സർക്കാരും താഴെ-

പറയുന്നവയുടെ നടത്തിപ്പിന് ഗ്രാന്റായി നൽകുന്നു.

1) ഉൽപന്ന വികസനം
2) വാണിജ്യമുദ്ര (ബ്രാന്റ്) വികസനം
3) അന്താരാഷ്ട്ര വാണിജ്യ പരിപാടികളുടെ പങ്കാളിത്തം
4) ഗുണ നിലവാര പരിശോധന ശാലകൾ സ്ഥാപിക്കൽ
5) മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കൽ

**കശുവണ്ടി**

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വിദേശ വിപണി ലക്ഷ്യമിട്ട് കോർപ്പറേഷന്റെ പീല്ലിംഗ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കരകൗശലം**

കരകൗശല വികസന കോർപ്പറേഷൻ പുതിയ ഡിസൈൻ ഡവലപ്പ്മെന്റിനും ടെക്നോളജി അപ്ഗ്രഡേഷനും വേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സെന്ററിന്റെ സഹായത്തോടെ കരകൗശല സംരംഭകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകി വരുന്നു.

സുരഭി വിദേശ വിപണി ലക്ഷ്യമാക്കി കല്ലൂരിൽ ഒരു എക്സ്പോർട്ട് ഓറിയന്റഡ് ഷോറൂമും എക്സ്പോർട്ട് വിങ്ങും പ്രവർത്തിപ്പിക്കുന്നു. നൂതനമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള മെഷീനുകൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇ-മെയിൽ വഴിയും മറ്റും ലഭിക്കുന്ന ഓർഡറുകൾ അനുസരിച്ച് കരകൗശല വസ്തുക്കൾ അയച്ചു

| | |
|---|---|
| | കൊടുക്കുന്നു. ഈ വർഷം ഇതുവരെയായി 17 ലക്ഷം രൂപയുടെ ഓർഡർ ലഭിച്ചു കഴിഞ്ഞു.<br>സംസ്ഥാന ബാംബൂ കോർപ്പറേഷൻ വിദേശവിപണി ലക്ഷ്യമാക്കി ഫ്ളോർ ടൈൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>ഓട് വ്യവസായത്തിൽ വിദേശ വിപണി ലക്ഷ്യമാക്കി ടെറാ ടൈൽ കൺസോർഷ്യത്തിന്റെ പദ്ധതി പരിഗണനയിലുണ്ട്. ഇപ്പോൾ കുറഞ്ഞ തോതിൽ കയറ്റുമതി ചെയ്യുന്നുണ്ട്.<br>വിദേശവിപണി ലക്ഷ്യമാക്കി ഖാദി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉൾപ്പെടെ ഉൽപ്പന്നങ്ങൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| സി. പരമ്പരാഗത വ്യവസായ വികസനത്തിന് കേന്ദ്ര സഹായം പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | സി. <u>കയർ</u><br>കേരള സംസ്ഥാന സർക്കാർ തുല്യമായി വിഹിതം നൽകി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ്. ഇതുകൂടാതെ 2006-07 വരെ കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പിലാക്കി വന്നിരുന്ന പദ്ധതിയാണ് മഹിളാ കയർ യോജന. സ്ത്രീ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനവും മെച്ചപ്പെട്ട റാട്ടുകളുടെ വിതരണവും ഈ പദ്ധതി പ്രകാരം നൽകി വന്നിരുന്നു. 2002-03 വർഷം കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി 500 ലക്ഷം രൂപയും 2004-05 വർഷം മാർക്കറ്റ് ഓറിയന്റഡ് പ്രൊഡക്ഷൻ പ്രോഗ്രാം ഇനത്തിൽ 500 ലക്ഷം രൂപയും അധിക ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ 2007-08 വർഷം ടെക്നിക്കൽ അപ്ഗ്രഡേഷൻ, സ്കിൽ അപ്ഗ്രഡേഷൻ ഇനത്തിൽ 90 ലക്ഷം രൂപയും കേന്ദ്ര സർക്കാർ അധിക സഹായമായി അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കയർ ബോർഡ് മുഖാന്തിരം ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ |

സ്കീം (ഐ.ഐ.യു.എസ്) നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 42.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കൈത്തറി

കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 27 ക്ലസ്റ്ററുകൾ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. ഇതിന്റെ പ്രയോജനം ഏകദേശം 10000 നെയ്ത്തുകാർക്ക് ലഭിക്കും. 14 കോടി രൂപയുടെ പദ്ധതിയാണ് ഇത്.

കൂടാതെ ഈ പദ്ധതി പ്രകാരം 104 ഗ്രൂപ്പ് നെയ്ത്തുകാർക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്.

തിരുവനന്തപുരത്തും കോഴിക്കോട്ടും മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിലേക്കായി 10 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കണ്ണൂരിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.റ്റി.റ്റി.യെ സേലത്തെ ഐ.ഐ.എച്ച്.റ്റി.യുടെ മാതൃകയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിന് വേണ്ടിയുള്ള 9 കോടി രൂപയുടെ ഒരു പദ്ധതിയും കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. 3 വർഷമായി മുടങ്ങി കിടന്നിരുന്ന മാർക്കറ്റിംഗ് ഇൻസെന്റീവ് (10%) നൽകുന്നതിനായി 7 കോടി രൂപ ലഭിച്ചു. തിരുവനന്തപുരത്ത് 1 കോടി രൂപ ചെലവിൽ ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും 30 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കശുവണ്ടി

കശുമാവ്കൃഷി വികസിപ്പിക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷൻ എന്ന പേരിൽ സംസ്ഥാന ഗവൺമെന്റ് ഒരു ഏജൻസി രൂപീകരിക്കുകയും 149 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്

കേന്ദ്ര ഗവൺമെന്റിന് ഒരു പദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഇന്റർനാഷണൽ മാർക്കറ്റ് റിസർച്ചിന് 50 ലക്ഷം രൂപയും പബ്ളിസിറ്റിക്കും പ്രൊമോഷനുമായി 50 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**കരകൗശലം**

കരകൗശല വികസന കോർപ്പറേഷനിൽ അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന പദ്ധതിയിലൂടെ സാമ്പത്തിക സഹായം ലഭിക്കുന്നു. കൂടാതെ വിൽപന ശാലകളുടെ നവീകരണം, ക്രാഫ്റ്റ്സ് ബസാറുകൾ സംഘടിപ്പിക്കൽ എന്നീ പദ്ധതികൾക്കും കേന്ദ്ര സഹായത്തിനുള്ള പദ്ധതികൾ ഉണ്ട്. NBCFDC യുടെ സഹായത്തോടെ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കരകൗശല കലാകാരൻമാർക്ക് വായ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

ബാംബൂ ഡെവലപ്പ്മെന്റ് ഏജൻസിക്ക് പ്ലാന്റേഷൻ ഡവലപ്പ്മെന്റ്, ട്രെയിനിംഗ്, സ്കിൽ ഡവലപ്പ്മെന്റ്, പബ്ളിസിറ്റി എന്നിവയ്ക്കായി 150 ലക്ഷം രൂപ ധനസഹായം ലഭിച്ചു. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് മാറ്റ് വീവിംഗ് സെന്ററുകൾ അനുവദിക്കുന്നതിനും, യന്ത്രവൽക്കരിക്കുന്നതിനുമായി 68.41 ലക്ഷം രൂപ അനുവദിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതിയനുസരിച്ച് ടെറാടൈൽ എന്ന കൺസോർഷ്യം നിലവിൽ വന്നു. ടെറാടൈൽ കൺസോർഷ്യത്തിന്റെ കീഴിൽ വേളക്കോട് വ്യവസായ പ്ലോട്ടിൽ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് 499.30 ലക്ഷം അടങ്കൽ തുകയ്ക്കുള്ള പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്.

10

| | | |
|---|---|---|
| ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം | - | 249.65 ലക്ഷം |
| കേരള സർക്കാരിന്റെ വിഹിതം | - | 99.86 ലക്ഷം |
| കൺസോർഷ്യത്തിന്റെ വിഹിതം | - | 149.79 ലക്ഷം |
| ആകെ | - | 499.30 ലക്ഷം |

പയ്യന്നൂരിൽ ഖാദി ക്ലസ്റ്റർ രൂപീകരിക്കുന്നതിന് പ്രത്യേക കേന്ദ്ര ധനസഹായമായി ഇക്കൊല്ലം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 140 — 27/06/2008-ൽ മറുപടിക്ക്

**വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണം**

ചോദ്യം
ശ്രീ. രാജു എബ്രഹാം
ശ്രീമതി ജെ. അരുന്ധതി
ശ്രീ. ആർ. സെൽവരാജ്
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ. എം. എം. മോനായി

മറുപടി
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| എ) | വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ലഭിച്ച അഞ്ചു ദർഘാസുകൾ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി വിശദമായി പരിശോധിച്ച ശേഷം യോഗ്യരായി കണ്ടെത്തിയവരിൽ ഏറ്റവും കുറഞ്ഞ സമാശ്വാസത്തുക (State Debt Support) സർക്കാരിൽ നിന്നും ആവശ്യപ്പെട്ട M/s.LANCO Kondappally Power Pvt. Ltd., Hyderabad, India ലീഡ് മെമ്പറായ കൺസോർഷ്യം സമർപ്പിച്ച ബിഡ് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സെക്യൂരിറ്റി ക്ലിയറൻസിനു വിധേയമായി സർക്കാർ അംഗീകരിച്ചു. കേന്ദ്ര സർക്കാരിന്റെ കപ്പൽ ഗതാഗതം, ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം എന്നീ മന്ത്രാലയങ്ങൾക്കും ക്യാബിനറ്റ് സെക്രട്ടേറിയറ്റിനും സെക്യൂരിറ്റി ക്ലിയറൻസിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ തന്നെ തെരഞ്ഞെടുക്കപ്പെട്ട പങ്കാളിയുമായി കരാർ ഒപ്പു വയ്ക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |
| ബി | ടെർമിനലിന്റെ നിർമ്മാണ ചുമതല ഏതു കമ്പനിക്കാണ് നൽകിയിട്ടുള്ളത്; | ബി) ഏറ്റവും കുറഞ്ഞ State Debt Support തുകയുടെ ദർഘാസ് സമർപ്പിച്ച M/s. LANCO Kondappally Power Pvt Ltd, Hyderabad, India ലീഡ് മെമ്പറായ താഴെപറയുന്ന കൺസോർഷ്യം സമർപ്പിച്ച ദർഘാസാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്ക് വിധേയമായി സർക്കാർ സ്വീകരിച്ചത്.<br>Lanco Kondapalli Power Pvt Ltd, Hyderabad, India<br>Lanco Infratech Ltd., Hyderabad, India , and<br>Pembinaan Redzai Sdn, Bhd, Malaysia<br>ലൈസൻസ് എഗ്രിമെന്റ് ഒപ്പു വയ്ക്കുന്ന മുറയ്ക്ക് ടെർമിനൽ നിർമ്മാണത്തിന്റെ ചുമതല ഇവർക്കു നൽകുന്നതാണ്. |

| | | |
|---|---|---|
| സി | പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | സി) കേരള സർക്കാർ അംഗീകരിച്ച സ്വകാര്യപങ്കാളിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ കൺസോർഷ്യം കരാർ ഒപ്പു വച്ച് 3 വർഷം കൊണ്ട് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി | പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ ജോലികൾ താഴെപ്പറയുന്നു:<br>ജലവിതരണം:- വെള്ളായണിക്കായൽ സ്രോതസ്സായി വിഴിഞ്ഞം തുറമുഖത്തേക്ക് ശുദ്ധജലവിതരണം നടത്തുന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പു വച്ചു.<br>ജലശുചീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.<br>റോഡ് & റെയിൽ കണക്ടിവിറ്റി :- തുറമുഖത്തെ നാഷണൽ ഹൈവേയും റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള റോഡിനും റയിൽപ്പാതയ്ക്കുമായുള്ള സാധ്യതാപഠനം ഡൽഹി ആസ്ഥാനമായുള്ള M/s. RITES -ൽ നിന്നും ലഭ്യമായി. അത് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്.<br>വൈദ്യുതിവിതരണം:- തുറമുഖത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതിബോർഡുമായി ചർച്ചകൾ നടത്തിവരുന്നു. |
| ഇ | പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ എത്ര പേർക്ക് ജോലി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഇ) പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ, ഏകദേശം 3000 പേർക്ക് പ്രത്യക്ഷമായും വിവിധ മേഖലകളിലായി ഉണ്ടാകുന്ന അനുബന്ധ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തോളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 141 27-06-2008-ൽ മറുപടിക്ക്

**ജീവൻ രക്ഷാ മരുന്നുകളുടെ വിലവർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി .സി .വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ബി.ബാബു പ്രസാദ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് ജീവൻ രക്ഷാ മരുന്നുകൾക്ക് അടുത്തകാലത്ത് വില ഇരട്ടിയിലധികം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഏതെങ്കിലും ജീവൻ രക്ഷാ മരുന്നുകൾക്ക് ഇപ്പോൾ ഇരട്ടിയില ധികം വിലവർദ്ധനയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി)ഗവൺമെന്റ് നേരിട്ട് നടത്തുന്ന മരുന്നു വില്പന കേന്ദ്രങ്ങളിൽ ജീവൻ രക്ഷാ മരുന്നുകൾ പലതും ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി)പാവപ്പെട്ട രോഗികൾക്ക് ഇത്തരം മരുന്നുകൾ ആവശ്യത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യത പൊതു വിപണിയിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിരീക്ഷിക്കുകയും ദൗർലഭ്യം റിപ്പോർട്ട് ചെയ്താൽ മരുന്ന് നിർമ്മാണ കമ്പനിയും, വിതരണക്കാരു മായി ബന്ധപ്പെട്ട് മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും തയ്യാറാക്കിയ വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 2008-09 വർഷത്തിൽ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികൾക്കാവശ്യമായ എല്ലാ അവശ്യമരുന്നുകളും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആവശ്യാനുസരണം ആശുപത്രികളിൽ എത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 142 — 27.06.2008-ൽ മറുപടിക്ക്

## പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. കെ. ബാബു : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വ്യവസായം ആരംഭിക്കുവാൻ നൽകിയ അപേക്ഷകൾ എത്രയാണ് ; | (എ) പതിനെട്ട്. |
| (ബി) ഇവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; | (ബി) ആകെ ലഭിച്ച അപേക്ഷകളിൽ പതിനേഴെണ്ണം കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുന്നതിലേയ്ക്കായി അംഗീകാരത്തിനായി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണ്. ഒരെണ്ണം നിരസിച്ചു. |
| (സി) ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രത്യേക സാമ്പത്തിക മേഖല ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചത് ;<br>(ഡി) ആരെല്ലാമാണ് പുതിയ വ്യവസായം സ്ഥാപിക്കുന്നതിന് പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അപേക്ഷ നൽകിയത് ;<br>(ഇ) ഓരോ വ്യവസായത്തിനും വേണ്ടി എത്ര തുകയുടെ നിക്ഷേപമാണ് നടത്താൻ ഉദ്ദേശിക്കുന്നത് ? | (സി) മുതൽ (ഇ) വരെ ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.143

27.6.2008ൽ മറുപടിയ്ക്ക്

സാമൂഹ്യ സുരക്ഷാമിഷൻ

ചോദ്യം

ശ്രീ. പള്ളിപ്രം ബാലൻ:
ശ്രീ.രാജാജി മാത്യു തോമസ്:
ശ്രീ.കെ.അജിത്:
ശ്രീമതി.ഇ.എസ്.ബിജി മോൾ:
ശ്രീ.എൻ.രാജൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സുരക്ഷാ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് ഗാർഹിക പീഡന നിയമം ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. ഗാർഹിക പീഡന നിരോധന നിയമ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുള്ളത് ജില്ലാ പ്രൊബേഷൻ ഓഫീസർമാരെയാണ്. ഗാർഹിക പീഡന നിരോധന നിയമം 2005നെ സംബന്ധിച്ച് സാധാരണ ജനങ്ങളിൽ അവബോധം വളർത്തുന്നതിനും ഈ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് വേണ്ടിയും ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുകയുണ്ടായി.<br>1.മുഴുവൻ ഗാർഹിക പീഡന നിരോധന നിയമം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം.<br>2.ഷെൽട്ടർ ഹോമുകളിൽ എത്തുന്നവർക്ക് |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ്.<br>3.ആകാശവാണി ദൂരദർശനിലൂടെയുള്ള ടെലികാസ്റ്റ്.<br>4.ഷെൽട്ടർ ഹോമായി തെരഞ്ഞെടുത്തിട്ടുള്ള മഹിളാമന്ദിരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം.<br>5.മഹിളാ മന്ദിരങ്ങളിൽ കമ്പ്യൂട്ടർ, ടെലിഫോൺ, ഇൻറർനെറ്റ് കണക്ഷൻ നിർമ്മാണ പ്രവർത്തനങ്ങൾ, പരിശീലനം ഈ വിഷയത്തിൽ ലഘുചിത്ര നിർമ്മാണം, എന്നിവയ്ക്കായി 2,96,78,000/-രൂപ വിനിയോഗിക്കുകയുണ്ടായി.<br>ഈ വർഷം 14 വിമൻ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക പുതുതായി നിലവിൽ വരുന്നതോടെ ഗാർഹിക പീഡന നിരോധന നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കുന്നതാണ്.<br>വനിതാ കമ്മീഷൻെറ ആഭിമുഖ്യത്തിൽ ഗാർഹിക പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായിട്ടുള്ള ബോധവത്ക്കരണത്തിൻെറ ഭാഗമായി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ നടത്തിവരുന്നു. പരാതിക്കാർക്ക് സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിനാവശ്യമായ സൗജന്യ നിയമ സഹായം, സംരക്ഷണ ഉദ്യോഗസ്ഥൻെറ ഫോൺ നമ്പർ, സേവന ദാതാക്കളുടെ അഡ്രസ്സ് എന്നിവ നൽകിയതിനു ശേഷമാണ് അവരെ കോടതിയിലേക്ക് അയയ്ക്കുന്നത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംരക്ഷണ നിയമം സംബന്ധിച്ച ക്ലാസ്സ് എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സമൂഹത്തിൽ സുരക്ഷയും സംരക്ഷണവും ആവശ്യമായ നിരാലംബർ, പാവപ്പെട്ടവർ, വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, മാരകമായി കാൻസർ രോഗം ബാധിച്ചവർ എന്നിവർക്കും അതുപോലുള്ള മറ്റുള്ളവർക്കും വേണ്ടി സാമൂഹ്യ സുരക്ഷാ പരിപാടികളും സമൂഹത്തിലെ സേവന പദ്ധതികളും സംഘടിപ്പിക്കുക.
2. സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
3. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാകുന്ന രീതിയിൽ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളെ മാറ്റിയെടുക്കുക.
4. സർക്കാർ ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കും അഗതികൾക്കും കേന്ദ്രീകൃതമായി ആഹാരം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യം ഒരുക്കുക.
5. ദുർബല ജനവിഭാഗങ്ങളുടെ ആരോഗ്യവും പോഷക ഗുണനിലവാരവും ഉയർത്തുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക.
6. ഗുരുതരമായി രോഗം ബാധിയ്ക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള സഹായം ലഭ്യമാക്കുക.
7. കാൻസർ കെയർ പദ്ധതിയിലൂടെ ഈ രോഗം ബാധിക്കുന്ന കുട്ടികൾക്ക് ചികിത്സാ സഹായം എത്തിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
8. സർക്കാർ ആശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന അഗതികളായ രോഗികളെ പുനഃരധിവസിപ്പിക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
9. സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും അതിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
10. സാമൂഹ്യ സേവനത്തിൽ ഏർപ്പെട്ടിട്ടുള്ള പ്രവർത്തകൾക്കും സന്നദ്ധ സംഘടനകൾക്കും ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിനും അത് കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ പരിശീലനവും ശേഷിയും ഉണ്ടാക്കിയെടുക്കുക.
11. സംസ്ഥാനത്തെ സാമൂഹിക സുരക്ഷിതത്വ പരിപാടികളെ അറിവിന്റെ കവാടമായി മാറ്റിയെടുക്കുക.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.144 27.06.2008-ൽ മറുപടിയ്ക്ക്

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| എ)<br>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ)<br>ജീവിതചര്യയിൽ വന്നുചേർന്ന വ്യതിയാനങ്ങൾ മൂലവും, ഈ കാലഘട്ടത്തിൽ കണ്ടുവരുന്ന അനാരോഗ്യ പ്രവണതകളും കണക്കിലെടുത്ത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അടിസ്ഥാന കായിക ക്ഷമതയും, ആരോഗ്യവും ലഭ്യമാക്കുകയും അദ്വാര കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും സമ്പൂർണ്ണ കായിക ക്ഷമത ലഭ്യമാക്കുകയുമാണ് ഈ പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. ഇതോടു കൂടി തന്നെ സ്ഥിരമായി വ്യായാമത്തിൽ ഏർപ്പെടാൻ പാകത്തിലുള്ള മന:സ്ഥിതിയുടെ രൂപീകരണവുമാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി നന്നേ ചെറുപ്പത്തിൽ തന്നെ ശാസ്ത്രീയമായി എങ്ങനെ വ്യായാമം ചെയ്യണമെന്നതിനെക്കുറിച്ചും, ആരോഗ്യപരമായ കളികളിൽ ഏർപ്പെടുന്നതിനെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഗവേഷണ ഫലങ്ങൾ കാണിക്കുന്നത് കുട്ടികൾ ദിവസവും അരമണിക്കൂർ നേരമെങ്കിലും വ്യായാമത്തിൽ ഏർപ്പെടണമെന്നും, അതിൽ 3 ദിവസം എങ്കിലും ഹൃദയമിടിപ്പ് 15 മിനിറ്റ് നേരമെങ്കിലും 140 നും 180 നും ഇടയിൽ എത്തുന്നവിധത്തിൽ കഠിനമായ വ്യായാമങ്ങളിൽ ഏർപ്പെടണമെന്നുമാണ്. ഇതെല്ലാം പ്രാവർത്തികമാക്കുകയാണ് സ്കൂളുകളിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

| | |
|---|---|
| | ഇപ്പോൾ വിഭാവനം ചെയ്യുന്ന ഈ പദ്ധതി മെച്ചപ്പെട്ട കായിക പ്രകടനത്തിന്റെ പുതിയ സങ്കേതവും കായിക പ്രവർത്തനത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇതുവരെ കണ്ടുപിടിക്കാതെ പോകുന്ന മികവുറ്റ കായിക ക്ഷമതയുള്ളവരെ തെരഞ്ഞു പിടിക്കുന്നതിനുള്ള ഉപാധിയായും പരിണമിക്കാവുന്നതാണ്. കൂടാതെ ഈ പദ്ധതി കുട്ടികളുടെ ആരോഗ്യത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരാക്കി അനാരോഗ്യ ശീലങ്ങൾ ഒഴിവാക്കാൻ സാധിക്കും. |
| ബി) പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിനായി പ്രോജക്ട് ഡയറക്ടറെ നിയമിച്ചു. ഇതിന്റെ വിവര ശേഖരണത്തിനും വിലയിരുത്തലിനും ആവശ്യമായ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്യുക, ജില്ലാതലത്തിൽ കോർഡിനേറ്റർമാരെ നിയോഗിക്കുക എന്നീ നടപടികൾ പുരോഗമിച്ചു വരുന്നു. കായിക ക്ഷമതാ പരിശോധനക്കുള്ള ടെസ്റ്റ് മാനുവലിന്റെ ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കി കഴിഞ്ഞു. |
| സി) കുട്ടികളുടെ കായികക്ഷമതാ പരിശോധനയോടൊപ്പം കായികക്ഷമത കുറഞ്ഞവർക്ക് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (സി) പദ്ധതിയുടെ ഭാഗമായി നടത്തുന്ന കായിക ക്ഷമതാ പരിശോധനയിൽ ശരാശരി കുറഞ്ഞ നിലവാരമുള്ളവരായി കാണപ്പെടുന്ന കുട്ടികൾക്ക് അവരിൽ കായിക ക്ഷമതയുടെ ഏതു ഘടകമാണ് കുറവെന്ന് ബോധ്യപ്പെടുത്തി അതു പരിഹരിക്കുന്നതിനുള്ള പ്രത്യേക വ്യായാമ ക്രമങ്ങൾ നിർദ്ദേശിക്കുന്നതാണ്. |
| ഡി) പദ്ധതിയുടെ പരിധിയിൽ ഏതെല്ലാം വിഭാഗം ജനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ഡി) 5-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സു വരെയുള്ള കുട്ടികളെയാണ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

ഇ)
എല്ലാ പ്രായത്തിലുള്ളവർക്കും കായിക പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

(ഇ)
സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ ആദ്യഘട്ടം സ്കൂൾ കുട്ടികൾക്ക് മാത്രം ആയ സാഹചര്യത്തിൽ പൊതുജനങ്ങൾക്കും മുതിർന്നവർക്കും കൂടി കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് വേണ്ടി കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ "Health Related Physical Fitness for Elders" എന്ന പദ്ധതി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 145 27-6-2008-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് പുന:സ്ഥാപിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>" വി.ജെ.തങ്കപ്പൻ:<br>" വി.ശിവൻകുട്ടി:<br>ശ്രീമതി പി.അയിഷാ പോറ്റി: | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും<br>സ്പോർട്സും യുവജനക്ഷേമവും<br>തുറമുഖവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | 16-8-2006-ൽ സംസ്ഥാന മന്ത്രിസഭാ യോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുവാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബെഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007 ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമമന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈ- |

കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് 14-12-2007-ൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് കാരണമൊന്നും നൽകാതെ അഭ്യർത്ഥനയെ നിരാകരിച്ചു. 27-12-2007ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് തീരുമാനം പുനഃപരിശോധിക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. അതനുസരണം 29-1-08-ലെ 26880/ലെഗ്.ബി1/2007/നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും 4-2-2008-ലെ 26880/ലെഗ്.ബി1/2007/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ, ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് തിരുവനന്തപുരത്ത് ബെഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല അഭിപ്രായം നൽകിയിട്ടില്ല.

25-3-2008-ൽ ബഹുമാന്യരായ മുഖ്യമന്ത്രിയും നിയമ മന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-08ൽ ബഹുമാന്യയായ ഇന്ത്യൻ

പ്രസിഡന്റിനേയും 15-4-08-ൽ
ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും
കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടു
ണ്ട്. പ്രസ്തുത വിഷയത്തിൽ അനുകൂല
മായ തീരുമാനം കൈക്കൊള്ളുവാനും
ബഹുമാന്യയായ ഇന്ത്യൻ പ്രസിഡൻ
റിന് ഈ വിഷയത്തിൽ ഉപദേശം നൽ
കുവാൻ കേന്ദ്രമന്ത്രിസഭയോട്
അഭ്യർത്ഥിക്കുവാനും 18-6-08-ൽ
മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.
ഇക്കാര്യത്തിൽ തുടർ നടപടികൾ
സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരത്ത്
ഹൈക്കോടതി ബഞ്ച്
സ്ഥാപിക്കുന്നതിന് അനുമതി
ലഭിക്കുമെന്ന പ്രതീക്ഷയിൽ
അനുയോജ്യമായ സ്ഥലവും
കെട്ടിടവും കണ്ടുപിടിക്കു-
വാൻ തിരുവനന്തപുരം
ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.
തിരുവനന്തപുരത്ത് ഹൈക്കോടതി
ബഞ്ച് സ്ഥാപിക്കുന്നതിന് അനുമതി
ലഭിച്ചാലുടൻ അതിന് ആവശ്യമായ
അനുയോജ്യമായ സ്ഥലവും
കെട്ടിടവും നൽകാൻ സർക്കാർ
സന്നദ്ധമാണ്. ഇതിനായി ബജറ്റിൽ
50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
ഇത് സംബന്ധിച്ച് പുതിയതായി
അനുവദിക്കേണ്ട തസ്തികകളെ
സംബന്ധിച്ചും മറ്റുമുള്ള സാമ്പത്തിക
ബാദ്ധ്യതയുടെ വിശദാംശങ്ങൾ
അറിയിക്കാൻ അഡ്വക്കേറ്റ്
ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ബെഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്; ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ ഇനിയെന്തെങ്കിലും നടപടിക്രമം പാലിക്കേണ്ടതുണ്ടോ;

ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ കേന്ദ്രസർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ല. ഇനി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) കേന്ദ്ര സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനായി കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമോ ?

കേന്ദ്ര സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ഹൈക്കോടതി ബെഞ്ച് സ്ഥാപിച്ചു കിട്ടുന്നതിനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇക്കാര്യം അനുകൂലമായി പരിഗണിച്ച് ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റിനു ഉപദേശം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർ-ത്ഥിക്കുവാൻ 18-6-2008ലെ മന്ത്രി സഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 146

27.6.2008-ൽ മറുപടിക്ക്

ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിലെ സാമ്പത്തിക പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.സുരേന്ദ്രൻ പിള്ള | ശ്രീ.എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിലെ സാമ്പത്തിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഫാക്ടറിയിലെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) കമ്പനിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്യുന്നതിന് ബഹു: മുഖ്യമന്ത്രി 2008 ഏപ്രിൽ 9-ാം തീയതി ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടേയും, ബഹു: നിയമ വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ മാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം നടത്തുകയുണ്ടായി. ഇതേ തുടർന്ന് കമ്പനിയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നത് വരെ കമ്പനി പ്രവർത്തിപ്പിക്കുവാൻ 10 കോടി രൂപ നൽകുവാൻ ധാരണയായിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായ 3 കോടി രൂപ കമ്പനിയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കമ്പനി താഴെപറയുന്ന ചെലവു ചുരുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1) കാൽസിനർ ഫയറിങ്ങിന് ഉപയോഗിച്ചുവന്ന സുപ്പർ മണ്ണെണ്ണയ്ക്ക് പകരം വിലകുറഞ്ഞ ഫർണസ് ഓയിൽ ഒരു കാൽസിനറിൽ ഉപയോഗിച്ചുതുടങ്ങി.<br>2) കമ്പനി വാഹനങ്ങൾ എല്ലാം തന്നെ വാടക വ്യവസ്ഥയിലാക്കി.<br>3) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147 | 27.6.2008 ൽ മറുപടിക്ക് |
|---|---|

### അവശ്യ മരുന്നുകളുടെ ദൗർലഭ്യം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ജീവൻരക്ഷാ മരുന്നുകൾക്ക് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>ജീവൻ രക്ഷാ മരുന്നുകൾക്ക് ഇപ്പോൾ ക്ഷാമമില്ല. |
| ബി) അവശ്യമരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും തയ്യാറാക്കിയ വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 2008-09 വർഷത്തിൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികൾക്കാവശ്യമായ എല്ലാ അവശ്യ മരുന്നുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യാനുസരണം ആശുപത്രികളിൽ എത്തിച്ചുവരുന്നു. ഇതിനു പുറമെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും 15/5/2008-ലെ ജി.ഒ.(എം.എസ്) നമ്പർ 154/08/ആ.കു.വ സർക്കാർ ഉത്തരവു പ്രകാരം വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ള 35 ഇനം മരുന്നുകളും ആശുപത്രികളിൽ വിതരണത്തിനായി എത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148 | 27.6.2008 ൽ മറുപടിക്ക് |
|---|---|

സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന മരുന്നും ഉപകരണങ്ങളും വാങ്ങിയതിലെ അഴിമതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി. | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആശുപത്രികളിലേക്കുള്ള മരുന്നു വിതരണ ചുമതല ഏറ്റെടുത്തതിനു ശേഷം മരുന്നു വിതരണ രംഗത്ത് എന്തെങ്കിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) ഉണ്ട്. കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ച് റേറ്റ് കോൺട്രാക്ട് ഉറപ്പിച്ച് 453 ഇനം മരുന്നുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ അവയുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങാനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 35 ഇനം മരുന്നുകളും ലഭ്യമാണ്. ഗുണനിലവാരമുള്ള മരുന്നുകൾ മിതമായ വിലയ്ക്ക് സുതാര്യമായി സംഭരിച്ച് ആശുപത്രികളിൽ വിതരണം ചെയ്യാൻ സാധിക്കുന്നു എന്നതാണ് പ്രധാന നേട്ടം |
| ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നും ഉപകരണങ്ങളും വാങ്ങിയതിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) യും (സി) യും<br><br>സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഉണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. അഴിമതി നടന്നതായി ബോധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| സി) അഴിമതി സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ; കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149 | 27.6.2008 ൽ മറുപടിക്ക് |
|---|---|

### ആശുപത്രി മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി<br>ശ്രീ. എം. ഉമ്മർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്ത് ആശുപത്രികളിൽ മാലിന്യ സംസ്കരണം യഥാവിധി നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ആശുപത്രികളിൽ മാലിന്യ സംസ്കരണം യഥാവിധി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | ബി) 1998-ലെ കേന്ദ്ര ഗവൺമെൻറിൻെറ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെൻറ് ആൻറ് ഹാൻറിലിംഗ്) റൂൾസിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മാലിന്യ സംസ്കരണത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സംസ്ഥാന സർക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡും കൂടി തീരുമാനിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി ഒരു ധാരണാ പത്രം ഒപ്പുവയ്ക്കുകയും ആയതു പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനം ചെയ്തുവരുന്നു. സംസ്ഥാനത്തെ വലിയ ആശുപത്രികളിൽ ഇൻസിനറേറ്റർ, നീഡിൽ ക്രഷൻ തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. ചെറിയ ആശുപത്രികളിൽ ഇത്തരത്തിലുള്ള മാലിന്യങ്ങൾ വീണ്ടും ഉപയോഗിക്കാത്ത തരത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനമുണ്ട്. |
| സി) ഒരിക്കൽ ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ചുകൾ ശേഖരിച്ച് കഴുകി വൃത്തിയാക്കി വീണ്ടും പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കുന്ന കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ; | (സി) യും (ഡി) യും<br><br>ഇത്തരത്തിലുള്ള ഒരു പരാതിയും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| ഡി) ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | |

Sopalumar
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150 | 27.6.2008 ൽ മറുപടിക്ക് |
|---|---|

## കാൻസറിന് മെച്ചപ്പെട്ട ചികിത്സാ സൗകര്യം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി). |
| എ) കാൻസർ രോഗത്തിന് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) കാൻസർ രോഗത്തിന്റെ ചികിത്സക്കായി അതി നൂതനവും, സാങ്കേതിക തികവുള്ളതുമായ ചികിത്സാ സൗകര്യങ്ങൾ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും സജ്ജീകരിച്ചിട്ടുണ്ട്. രോഗനിർണ്ണയത്തി നായി എം.ആർ.ഐ.സ്കാനർ, അത്യാധുനിക സി.ടി.സ്കാനർ എന്നിവയും, റേഡിയേഷൻ ചികിത്സ യ്ക്കായി അതിനൂതനമായ റേഡിയോ തെറാപ്പി മെഷീ നുകളും തിരുവനന്തപുരത്തെ ആർ.സി.സി യിൽ സ്ഥാപിച്ചിട്ടുണ്ട്. മെച്ചപ്പെട്ട അത്യാധുനിക യന്ത്ര സാമഗ്രികൾ തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും ലഭ്യമാണ്. കാൻസർ രോഗ ചികിത്സയ് ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും അത്യാധുനിക ഉപകരണങ്ങളും കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഇന്ന് ലഭ്യമാണ്. കേരള ത്തിലെ ആദ്യത്തെ മജ്ജ മാറ്റിവയ്ക്കൽ ചികിത്സാ യൂണിറ്റ് തിരുവനന്തപുരത്തെ ആർ.സി.സി.യിൽ പ്രവ ർത്തനം തുടങ്ങിയിട്ടുണ്ട്. |
| ബി) മലബാർ കാൻസർ സെന്ററിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കു ന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർ ക്കുന്നു.<br><br>1. ഒരു ആധുനിക അൾട്രാ സൗണ്ട് സ്കാനർ, ബ്ലഡ് ബാങ്കിനു വേണ്ടി സെൻട്രിഫ്യൂജ് എന്നിവ ലഭ്യമാക്കാൻ നടപടി കൈക്കൊണ്ടു വരുന്നു.<br><br>2. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതി ഒരു ലീനിയർ ആക്സിലറേറ്റർ സജ്ജീകരി ക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>3. നിരന്തര സേവനം ലഭിക്കുന്നതിനായി ഇൻപേ ഷ്യന്റ് ബ്ലോക്ക്, നഴ്സസ് ഹോസ്റ്റൽ, ഡോക്ടേ ഴ്സ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കാനും ഉദ്ദേ ശിക്കുന്നു. |

| | |
|---|---|
| സി) തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിൽ റേഡിയേഷൻ ചികിത്സക്കുള്ള സംവിധാനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; | സി) നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. |
| ഡി) കാൻസർ രോഗം തുടക്കത്തിലേ കണ്ടെത്താൻ കൂടുതൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ? | ഡി) കാൻസർ രോഗം തുടക്കത്തിലേ കണ്ടെത്തുന്നതിനായി രോഗനിർണ്ണയ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. മലബാർ കാൻസർ സെന്റർ ഇതുവരെ 173 കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും, 158 കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി.യുടെ കൊല്ലം, കോഴഞ്ചേരി, കൊച്ചി, കണ്ണൂർ, പാലക്കാട് എന്നീ ഉപകേന്ദ്രങ്ങൾ വഴി രോഗനിർണ്ണയ പരിശോധന നടത്തുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആർ.സി.സി. തുടർച്ചയായി രോഗനിർണ്ണയ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. അതുപോലെ നഗരസഭയുടെ സഹകരണത്തോടെ എല്ലാ വാർഡുകളിലും കാൻസർ നിർണ്ണയ പരിശോധന സംഘടിപ്പിക്കുന്നുണ്ട്. മലബാർ, തിരുവനന്തപുരം കാൻസർ സെന്ററുകളിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ പൊതുജനങ്ങൾക്ക് കാൻസർ പരിശോധന നടത്താനുള്ള സൗകര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ